بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 8 | ലക്കം 32

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ആഗസ്റ്റ് 10/ ഹി.ശം 1402 ളുഹൂർ 10/ ഹി:ഖ 1444 മുഹർറം 22

## അല്ലാഹുവിന്റെ വചനം

وَلَوۡ تَرٰۤی اِذۡ وُقِفُوۡا عَلَی النَّارِ فَقَالُوۡا یٰلَیۡتَنَا نُرَدُّ وَلَا نُکَذِّبَ بِاٰیٰتِ رَبِّنَا وَنَکُوۡنَ مِنَ الۡمُؤۡمِنِیۡنَ ﴿۲۸﴾ (الانعام:28)

അവർ നരകത്തിന്റെ മുമ്പിൽ നിറുത്തപ്പെടുമ്പോഴത്തെ അവസ്ഥ നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ പറയും: അഹോ കഷ്ടം!ഞങ്ങൾ ഇഹലോകത്ത് തിരിച്ചയക്കപ്പെടുകയും ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ നിഷേധിക്കാതിരിക്കുകയും ഞങ്ങൾ വിശ്വാസികളിൽപ്പെട്ടവരാകുകയും ചെയ്തെങ്കിൽ എത്ര നന്നായേനേ! (6:28)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**എല്ലാവരും ഭരണാധികാരികളാണ്; അവർ ചോദ്യം ചെയ്യപ്പെടും.**

(2409)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളെല്ലാവരും ഭരണാധികാരിളാണ്. നിങ്ങളെല്ലാവരോടും നിങ്ങളുടെ ഭരണത്തിൻ കീഴിലുള്ളവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. രാഷ്ട്രത്തിന്റെ മേലധികാരി രാഷ്ട്രത്തെ ഭരിക്കുന്നവനാണ്. തന്റെ കീഴിലുള്ള പ്രജകളെക്കുറിച്ച് അദ്ദേഹത്തോടു ചോദിക്കപ്പെടും. പുരുഷൻ തന്റെ കുടുംബത്തെ ഭരിക്കുന്നവനാണ്. തന്റെ ഭരണത്തിൻകീഴിലുള്ളവരെപ്പറ്റി അവനോടു ചോദിക്കപ്പെടും. ഗൃഹനായിക അവളുടെ ഗൃഹനാഥന്റെ വീട് ഭരിക്കുന്നവളാണ്. അവളുടെ ഭരണത്തിൻകീഴിലുള്ള പ്രജകളെക്കുറിച്ച് അവളോടു ചോദിക്കപ്പെടും. ഭൃത്യൻ തന്റെ യജമാനന്റെ ധനത്തെ നോക്കി ഭരിക്കുന്നവനാണ്. അവന്റെ ഭരണത്തിൻ കീഴിലുള്ള വസ്തുക്കളെ കുറിച്ച് അവനോടു ചോദിക്കപ്പെടും. ഇബ്നു ഉമർ(റ)പറയുന്നു:പുരുഷൻ തന്റെ പിതാവിന്റെ സ്വത്ത് മേൽനോട്ടം ചെയ്ത് ഭരിക്കുന്നവനാണ്. അവന്റെ ഭരണത്തിൻകീഴിലുള്ള പ്രജകളെക്കുറിച്ച് അവനോടു ചോദിക്കപ്പെടും. ചുരുക്കത്തിൽ നിങ്ങളെല്ലാവരും ഭരണാധികാരികളാണ്. നിങ്ങളെല്ലാവരോടും തങ്ങളുടെ ഭരണത്തിൻകീഴിലുള്ളവരെക്കുറിച്ച് ചോദിക്കപ്പെടുകയും ചെയ്യും എന്നും കൂടി നബി(സ)തിരുമേനി പറഞ്ഞുവെന്നാണ് ഞാൻ വിചാരിക്കുന്നത്.

THE WEEKLY AL HAKAM www.alhakam.org

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ജൂൺ30 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 ജൂലായ് 07 (സമ്പൂർണ തർജമ)

എന്താണ് നമസ്കാരം

നബി(സ)തിരുമേനി തയ്യാറാക്കിയ ജമാഅത്തിനെ നോക്കുകയാണെങ്കിൽ അവർ ആപാദചൂഢം അല്ലാഹുവിനുവേണ്ടിയാണെന്ന് കാണാൻ കഴിയും. തങ്ങളുടെ കർമപരമായ ജിവിതത്തിൽ അവർക്ക് സമാനരായി ആരുമില്ല.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നമ്മുടെ നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തി എത്ര വലിയ പദവിയിലെത്തിയിരുന്നുവെന്നാൽ, മുഴുവൻ നബിമാരേയും(അ)തട്ടിച്ചുനോക്കിയാൽ അദ്ദേഹത്തിന്നെതിരിൽ അവരൊന്നും ഒന്നുമല്ലെന്ന് മനസ്സിലാകുന്നതായിരിക്കും. യഹൂദി ലോകത്തിന്റെ ശ്വാക്കളാണ്. ക്രിസ്ത്യാനികളെ നോക്കുക അവർ അല്ലാഹുവിന്റെ ഏകത്വത്തിന്റെ അരുവിയിൽനിന്ന് അകലത്തുപോയി കിടക്കുന്നു. ചിലർ ഹദ്റത്ത് മർയമിനെ ആരാധിക്കുന്നു. ചിലർ മിശിഹായെ ദൈവമാക്കുന്നു. ഭൗതികാരാധനതന്നെയാണ് രാത്രിയും പകലും അവരുടെ തൊഴിലും പ്രവൃത്തിയും. നബി(സ)തിരുമേനി തയ്യാറാക്കിയ ജമാഅത്തിനെ നോക്കുകയാണെങ്കിൽ അവർ ആപാദചൂഢം അല്ലാഹുവിനുവേണ്ടിയാണെന്ന് കാണാൻ കഴിയും. തങ്ങളുടെ കർമപരമായ ജിവിതത്തിൽ അവർക്ക് സമാനരായി ആരുമില്ല. നബി(സ) തിരുമേനിയുടെ അനുഗൃഹീതവും വിജയപ്രദവുമായ ജീവിതത്തിന്റെ ചിത്രമെന്താണെന്നാൽ അദ്ദേഹം ഒരു ജോലി ചെയ്യാൻ വരികയും അതു പൂർത്തിയാക്കി, എപ്രകാരം ഇടപാടു നടത്തിപ്പുകാരൻ എല്ലാ പേപ്പറുകളും അഞ്ചുവർഷത്തിൽ പൂർത്തിയാക്കി അവസാന റിപ്പോർട്ടു സമർപിച്ചുപോകുന്നതുപോലെ ദുൻയാവിൽനിന്ന് പോകുകയും ചെയ്തു. ഖും ഫ അൻദിർ എന്ന ശബ്ദം കേട്ടതുമുതൽ പിന്നെ 'ഇദാ ജാഅ നസ്റുല്ലാഹി'യും 'അൽയൗമ അക്മൽത്തുലക്കും ദീനക്കും'എന്ന ആയത്തിറങ്ങിയതുവരെ നോക്കുകയാണെങ്കിൽ അവിടത്തെ അതുല്യമായ വിജയങ്ങൾ ലഭിക്കുന്നതാണ്. ഈ വചനങ്ങളിൽനിന്ന് വ്യക്തമായ നിലയിൽ അറിയാൻ കഴിയുന്നത് അവിടന്ന് പ്രത്യേകമായ നിലയിലുള്ള ദൈവനിയോഗിതനായിരുന്നുവെന്നാണ്. ഹദ്റത്ത് മൂസായ്ക്ക് തന്റെ ജീവിത കാലത്ത് ആ വിജയം കിട്ടിയിരുന്നില്ല. അത് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ അറ്റമായിരുന്നു. പരിശുദ്ധ ഭൂമിയേയും വാഗ്ദത്ത ഭൂമിയേയും തന്റെ കണ്ണുകൊണ്ടു കാണാനുള്ള സൗഭാഗ്യം ഉണ്ടായില്ല. എന്നല്ല വഴിയിൽവെച്ചുതന്നെ വഫാത്താകുകയും ചെയ്തു. അവിശ്വാസികൾ എങ്ങനെ വിശ്വസിക്കാനാണ്, വിശ്വാസിയല്ലാത്ത ഒരു മനുഷ്യൻ വഴിയിൽവച്ചു മരിക്കുകയും വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിവരെ എത്താൻ കഴിയാതെ വരികയും ചെയ്താൽ അതിന്റെ കാരണങ്ങൾ ആരെന്ത് ചെവിക്കൊള്ളാനാണ്? ദൈവനിയോഗിതനായിരുന്നെങ്കിൽ ആ വാഗ്ദാനം എന്തുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തിൽ പുലർന്നില്ല എന്നായിരിക്കും അവർ ചോദിക്കുക. സത്യമായ കാര്യം അതു തന്നെയാണ്, എല്ലാ നബിമാരുടേയും നുബുവ്വത്തിന്റെ രഹസ്യം മറച്ചുവെക്കൽ നമ്മുടെ നബി(സ)തിരുമേനി മുഖേനയാണ് നടന്നത്.(മൽഫൂദാത്ത് വാല്യം 1, പേജ് 468, പ്രസാധനം 2018, ഖാദിയാൻ)

**അബൂലഹ്ബിന്റെ ഭാര്യയുടെ കഥ വെറും വിടുവായത്തമാണ്. മുഴുവൻ ലോകത്തേയും ഭയക്കാതിരുന്ന അല്ലാഹുവിന്റെ റസൂൽ ഈ അബലയായ സ്ത്രീയെ എത്രമാത്രം ഭയന്നുവെന്നാൽ അല്ലാഹുവിന് അവിടെ മറയുണ്ടാക്കേണ്ടിവന്നുവത്രെ!**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീ ഇസ്റാഈലിലെ 46-ാമത്തെ വചനമായ *വ ഇദാ ഖറഅത്തൽ ഖുർആന ജഅൽനാ ബയ്നക്ക വ ബയ്നല്ലദീന ലാ യുഅ്മിനൂന ബിൽ ആഖിറത്തി ഹിജാബൻ മ്മസ്തൂറൻ* (നീ ഖുർആൻ ഓതുമ്പോൾ നിനക്കും പരലോകത്തിൽ വിശ്വസിക്കാത്തവർക്കുമിടയിൽ നാമൊരു ഗോപ്യമായ മറ ഏർപ്പെടുത്തുന്നതാണ്) എന്നതിനെഴുതിയ തഫ്സീറിൽ പറയുന്നു: ഈ ആയത്തിന് രണ്ടർഥമുണ്ട്.(1)നീ വിശുദ്ധ ഖുർആൻ ഓതുമ്പോൾ നിന്റേയും പരലോകത്തിൽ വിശ്വസിക്കാത്തവരുടേയുമിടയിൽ എങ്ങനെയുള്ളൊരു മറയിടുന്നുവെന്നാൽ, ആ പർദ സ്വയം മറഞ്ഞിരിക്കുന്നതുമാണ് അതായത് ആ ഹിജാബും അവരുടെ ദൃഷ്ടികളിൽനിന്ന് മറഞ്ഞതായിരിക്കും.ഇതെന്തിനാണ് ഇങ്ങനെ പറഞ്ഞതെന്നാൽ മനസ്സിലാക്കാത്ത ആരെങ്കിലും ഹിജാബിന്റെ വാക്കുകേട്ട് ബാഹ്യമായ പർദയാണതെന്ന് ധരിക്കാതിരിക്കാനാണ്.

ചിലയാളുകൾ നബി(സ)തിരുമേനി ഒളിഞ്ഞിരിക്കാറുണ്ടായിരുന്ന പർദയാണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്ന് കരുതിയിരുന്നു. അവർ അബൂലഹബിന്റെ ഭാര്യയുടെ കഥ അതിനു അനുബന്ധമായി എഴുതിയിരിക്കുന്നു. സൂറ ലഹബ് ഇറങ്ങിയപ്പോൾ ഫീജീദിഹാ ഹബ്ലുമ്മിൻ മ്മസദിൻ കേട്ട് അവർ കോപാകുലരാകുകും നബി(സ)തിരുമേനിയ്ക്ക് ബുദ്ധിമുട്ടേല്പിക്കുക എന്നുദ്ദേശ്യത്തോടെ ചാടുകയും ചെയ്തു. നബി(സ)തിരുമേനി അപ്പോൾ ദുആ ചെയ്തു: യാ ഇലാഹീ! നീ എന്നെ അവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷിച്ചാലും. അപ്പോൾ അല്ലാഹു നബി(സ)തിരുമേനിയുടെ മുമ്പിൽ പർദ നാട്ടി. ഇക്കാരണത്താൽ അവർക്ക് നബി(സ)തിരുമേനിയെ കാണാൻ കഴിഞ്ഞില്ല. അബൂലഹ്ബിന്റെ ഭാര്യയുടെ കഥ വെറും വിടുവായത്തമാണ്. മുഴുവൻ ലോകത്തേയും ഭയക്കാതി

(ശേഷം പേജ് 6 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

അല്ലാഹുമ്മ അൻജിസ്‌ലീ മാ വഅദ്ത്തനീ-അല്ലാഹുമ്മ ആത്തി മാ വഅദ്ത്തനീ-അല്ലാഹുമ്മ ഇൻതുഹ്‌ലിക് ഹാദിഹിൽ ഇസ്വാബത്ത മിൻ അഹ്‌ലിൽ ഇസ്‌ലാമി ലാ തുഅ്ബദ് ഫിൽ അർളി അല്ലാഹുവേ! നീ എന്നോടു ചെയ്ത വാഗ്ദാനം നിറവേറ്റിയാലും. നീ എനിക്കു വാക്കു തന്നത് നല്കിയാലും. അല്ലാഹുവേ! നീ മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ നശിപ്പിച്ചാൽ ഭൂമിയിലാരും നിന്നെ ആരാധിക്കുന്നവരായി ഉണ്ടാകുകയില്ല.

അല്ലാഹുവിന്റെ റസൂലേ! ശത്രുക്കളുമായി നേർക്കുനേരെയുള്ള പോരാട്ടമാണ് വന്നിരിക്കുന്നത്. ഇവിടെനിന്ന് ജീവനോടെ മടങ്ങുമോ എന്ന് ഒരു നിശ്ചയവുമില്ല. ശഹാദത്ത് അഥവാ രക്തസാക്ഷിത്വത്തിനുമുമ്പേ അങ്ങയുടെ പുണ്യശരീരത്തിൽ എന്റെ ശരീരംകൊണ്ട് സ്പർശിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. സവാദ് ബിൻ ഗസിയ്യായുടെ നബി(സ) തിരുമേനിയോടുള്ള അനുരക്തിയുടെ വിസ്മയകരമായ പ്രകടനം

യുദ്ധത്തിന്നിടയിൽ ചിലയാളുകളെ വധിക്കുന്നത് നബി(സ)തിരുമേനി തടയുകയും ചെയ്തിരുന്നു.

അല്ലാഹുവിന്റെ ശക്തിവിലാസത്താൽ ആ സമയത്തുണ്ടായിരുന്ന സൈന്യക ക്രമീകരണം എപ്രകാരമായിരുന്നുവെന്നാൽ, ഇസ്‌ലാമിക സൈന്യം ഖുറയ്ശികൾക്ക് യഥാർഥത്തിലുള്ളതിനെക്കാൾ കൂടുതൽ എന്നല്ല ഇരട്ടിയായി കാണപ്പെട്ടിരുന്നു. അക്കാരണത്താൽ കാഫിരീങ്ങൾ ഭയന്നിരുന്നു. മറുഭാഗത്ത് ഖുറയ്ശി സൈന്യം മുസ്‌ലമീങ്ങൾക്ക് അവരുടെ യഥാർഥ എണ്ണത്തിൽ കുറവായി കാണപ്പെട്ടിരുന്നു. അക്കാരണത്താൽ മുസ്‌ലിമീങ്ങളുടെ ധൈര്യം വർധിച്ചു.

ബദ്ർ യുദ്ധത്തിന്റെ തയ്യാറെടുപ്പ്, സ്വഹാബാക്കൾക്ക് തങ്ങളുടെ യജമാനരോടുള്ള അളവറ്റ സ്നേഹം, ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനിയുടെ വികാരനിർഭരമായ ദുആകളെ കുറിച്ചുള്ള വവിരണം.

**ഖുത്ബ ജുമുഅ 2023 ജൂൺ 30/1402 ഇഹ്സാൻ 30**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബി(സ)തിരുമേനിയോടു സവാദ് ബിൻ ഗസിയ്യ(റ) പ്രകടിപ്പിച്ച അനിതരസാധാരണമായ സ്നേഹത്തെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ വിവരിക്കുകയുണ്ടായി. അതേക്കുറിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്. സവാദ് ബിൻ ഗസിയ്യ ആ യുദ്ധത്തിൽനിന്ന് വിജയശ്രീലാളിതനായി മടങ്ങി. അന്യാരാധകരിൽപെട്ട ഖാലിദ് ബിൻ ഹിശാമിനെ ബന്ദിയുമാക്കി. അതിനുശേഷം നബി(സ)തിരുമേനി ഖയ്ബർ യുദ്ധത്തിലെ സമരാർജ്ജിത സ്വത്തുക്കൾ ശേഖരിക്കുന്നതിനുള്ള മേൽനോട്ടവും അദ്ദേഹത്തെ ഏൽപിച്ചിരുന്നു. ഉപര്യുക്ത സംഭവം ഹദ്റത്ത് സവാദ് ബിൻ ഗസിയ്യാ(റ)യുടേതല്ല, പ്രത്യുത സഹ്ദ് ബിൻ അംറ്(റ)ന്റേതാണെന്നാണ് ചിലരുടെ അഭിപ്രായം. എന്നാൽ, ആ സംഭവം വ്യത്യസ്തമാണെന്ന് തോന്നുന്നു. മിക്ക ചരിത്രഗ്രന്ഥങ്ങളിലും ജീവചരിത്രങ്ങളിലും ഈ സംഭവം സവാദ് ബിൻ ഗസിയ്യാ(റ)യുടെ പേരിൽത്തന്നെയാണ് വന്നിട്ടുള്ളത്.(ഉസുദുൽ ഗാബ, ഭാഗം 2, പേജ് 590, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം വിശദീകരിക്കുന്നു: അന്ന് ഹിജ്റ രണ്ടാംവർഷം റമളാൻ പതിനേഴ് ജുമുഅ ദിവസമായിരുന്നു. അതായത് ക്രിസ്തുവർഷപ്രകാരം 624 മാർച്ച് 14. പ്രഭാതത്തിൽ എഴുന്നേറ്റ് ആദ്യം നമസ്കാരം നിർവ്വഹിക്കപ്പെടുകയും ഏകദൈവാരാധകർ തുറന്ന മൈതാനത്തിൽ ഏകനായ ദൈവത്തിന് മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു. അതുകഴിഞ്ഞ് നബി(സ)തിരുമേനി ജിഹാദ് അഥവാ ധർമസമരത്തെ സംബന്ധിച്ച് ഒരു പ്രഭാഷണം നടത്തി. അൽപം കഴിഞ്ഞ് വെളിച്ചം വീശിയപ്പോൾ നബി(സ)തിരുമേനി ഒരു അമ്പ് ചൂണ്ടിക്കൊണ്ട് അണികൾ ശരിയാക്കാൻ തുടങ്ങി. സവാദ് എന്ന് പേരുള്ള ഒരു സ്വഹാബി സ്വഫ്ഫിൽനിന്ന് അൽപം മുന്നോട്ട് കയറിനിൽക്കുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് അമ്പുകൊണ്ടുതട്ടി പിറകോട്ട് നിൽക്കാൻ പറഞ്ഞു. എന്നാൽ, അവിചാരിതമായി ആ അമ്പ് അദ്ദേഹത്തിന്റെ നെഞ്ചിലാണ് കൊണ്ടത്. അദ്ദേഹം ശൗര്യഭാവത്തോടെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയെ സത്യത്തോടും നീതിയോടും കൂടിയാണ് അല്ലാഹു നിയോഗിച്ചയച്ചിട്ടുള്ളത്. എന്നാൽ, അങ്ങ് അന്യായമായി എന്നെ അമ്പുകൊണ്ട് അടിച്ചിരിക്കുന്നു. അല്ലാഹുവാണ! ഞാൻ ഇതിന് പകരം വീട്ടുന്നതാണ്.'സ്വഹാബാക്കൾ ഇതുകണ്ട് അമ്പരന്നുപോയി. അവർ ആകെ പ്രയാസത്തിലായി. സവാദിനെന്താണ് പറ്റിയത്? എന്നാൽ, നബി(സ)തിരുമേനി വളരെ വാത്സല്യത്തോടെ പറഞ്ഞു: 'സവാദേ! താങ്കളും എന്നെ അമ്പുകൊണ്ട് അടിച്ചുകൊള്ളുക.' നബി(സ)തിരുമേനി തന്റെ നെഞ്ചിൽനിന്ന് വസ്ത്രം നീക്കി. സവാദ്(റ)സ്നേഹാതിരേകത്താൽ മുന്നോട്ടുവന്ന് നബി(സ)തിരുമേനിയുടെ ശരീരത്തിൽ മുത്തം വെച്ചു. നബി(സ) തിരുമേനി മന്ദഹസിച്ചുകൊണ്ടു സവാദിനോടു ചോദിച്ചു:'സവാദേ! ഇങ്ങനെ ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്?' അദ്ദേഹം ഇടറിയ ശബ്ദത്തോടെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ശത്രുക്കളുമായി നേർക്കുനേരെയുള്ള പോരാട്ടമാണ് വന്നിരിക്കുന്നത്. ഇവിടെനിന്ന് ജീവനോടെ മടങ്ങുമോ എന്ന് ഒരു നിശ്ചയവുമില്ല. ശഹാദത്ത് അഥവാ രക്തസാക്ഷിത്വത്തിനുമുമ്പേ അങ്ങയുടെ പുണ്യശരീരത്തിൽ എന്റെ ശരീരംകൊണ്ട് സ്പർശിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ)സാഹിബ്എം.എ. പേജ് 357-358)

നബി(സ)തിരുമേനിയുടെ മരണത്തിന് തൊട്ടുമുമ്പേ ഇത്തരം ഒരു സംഭവം ഉണ്ടായതായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പരാമർശിക്കുകയുണ്ടായി. അതായത് ബദ്ർ യുദ്ധവേളയിലല്ല പ്രത്യുത അങ്ങയുടെ മരണം സമീപസ്ഥമായനേരത്ത് ഇതിനോടുസാമ്യമുള്ള സംഭവം നടന്നിട്ടുണ്ട്. അവിടന്ന് പറഞ്ഞു: 'നബി(സ)തിരുമേനിയുടെ ദേഹവിയോഗം സമീപസ്ഥമായപ്പോൾ അവിടന്ന് സ്വഹാബാക്കളെ വിളിച്ചുകൂട്ടിക്കൊണ്ടു പറഞ്ഞു: നോക്കൂ!നിങ്ങളെപ്പോലെതന്നെ ഞാനുമൊരു മനുഷ്യനാണ്. നിങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് എന്നിൽനിന്ന് വല്ല വീഴ്ചയും വന്നിട്ടുണ്ടാകാം. ഞാൻ നിങ്ങളിലാർക്കെങ്കിലും ബുദ്ധിമുട്ട് വരുത്തിയെന്നും വരാം. ഞാൻ അല്ലാഹുവിനു മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ നിങ്ങൾ അത്തരം വാദവുമായി വരാതിരിക്കാൻ എനിക്ക് പറയാനുള്ളത് നിങ്ങളിലാർക്കാണോ ഞാൻ മുഖേന വല്ല ബുദ്ധിമുട്ടും സംഭവിച്ചിട്ടുള്ളത് ഈ ലോകത്തുവെച്ചുതന്നെ അവർ എന്നിൽനിന്ന് നഷ്ടപരിഹാരം നേടണമെന്നാണ്. സ്വഹാബാക്കൾക്ക് നബി(സ)തിരുമേനിയോടു ണ്ടായിരുന്ന സ്നേഹാനുരാഗങ്ങൾ കണക്കിലെടുത്താൽ ഈ വാക്കുകൾ അവരുടെ നെഞ്ചകങ്ങളിൽ കഠാരപോലെ തറച്ചിട്ടുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അവരുടെ ഹൃദയങ്ങളിൽ എത്രമാത്രം നൊമ്പരമുളവായിക്കാണും. അപ്രകാരംതന്നെ സംഭവിക്കുകയും ചെയ്തു. അവർ എല്ലാവരും വിഷമത്തിലായി. അവരുടെ കണ്ണുകൾ ഈറനണിഞ്ഞു. സംസാരിക്കാൻതന്നെ അവർക്ക് പ്രയാസം അനുഭവപ്പെട്ടു. എന്നാൽ, ഒരു സ്വഹാബി എഴുന്നേറ്റുനിന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങുകാരണം ഞങ്ങൾക്കാർക്കെങ്കിലും വല്ല ബുദ്ധമുട്ടും ഉണ്ടായിട്ടുണ്ടെങ്കിൽ അങ്ങയോടു അതിന് പകരം വീട്ടണമെന്ന്! അതിനാൽ ഞാൻ അങ്ങയോട് പകരം വീട്ടാനാഗ്രഹിക്കുകയാണ്.' നബി(സ)തിരുമേനി പറഞ്ഞു, 'താങ്കളുടനെ പറയുക! ഞാൻ മുഖേന താങ്കൾക്കെന്ത് ബുദ്ധിമുട്ടാണുണ്ടായിട്ടുള്ളത്?' ആ സ്വഹാബി ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! യുദ്ധത്തിന്റെ അവസരത്തിൽ അന്നൊരു ദിവസം അങ്ങ് അണികൾ ശരിയാക്കിക്കൊണ്ടിരിക്കുമ്പോൾ അങ്ങയുടെ

കൈമുട്ട് എന്റെ പുറത്ത് തട്ടിയിരുന്നു. ഞാനിന്ന് അതിന് പകരംചോദിക്കാനാണ് ആഗ്രഹിക്കുന്നത്.' സ്വഹാബാക്കൾ(റ) വിവരിക്കുന്നു: ആ നേരത്ത് ദ്വേഷംകൊണ്ട് ഞങ്ങളുടെ വാളുകൾ ഉറയിൽനിന്ന് പുറത്തു വരികയായിരുന്നു. ഞങ്ങളുടെ കണ്ണുകളിൽ ചോരപൊടിയുന്നുണ്ടായിരുന്നു. അവർ പറഞ്ഞു, ആ അവസരത്തിൽ നബി(സ)തിരുമേനി ഞങ്ങൾക്കു മുമ്പിലില്ലായിരുന്നുവെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ വെട്ടിനുറുക്കിയേനെ. എന്നാൽ, നബി(സ)തിരുമേനി തന്റെ പിൻഭാഗം അദ്ദേഹത്തിന്റെ നേർക്കു തിരിച്ചുകൊണ്ടു പറഞ്ഞു: അങ്ങനെയാവട്ടെ! താങ്കൾ പകരംവീട്ടിക്കൊള്ളുക! എന്നേയും അപ്രകാരം കൈമുട്ടുകൊണ്ട് തട്ടിക്കൊള്ളുക. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഇങ്ങനെയല്ല. അങ്ങയുടെ കൈമുട്ട് എന്റെ പുറത്തുതട്ടിയ നേരത്ത് എന്റെ പുറത്ത് വസ്ത്രമൊന്നുമില്ലായിരുന്നു. അങ്ങയുടെ പുറത്തിപ്പോൾ വസ്ത്രമുണ്ടല്ലോ?' നബി(സ)തിരുമേനി സ്വഹാബാക്കളോട് തന്റെ പുറത്തുനിന്ന് വസ്ത്രം മേൽപോട്ടുയർത്തി പിടിക്കാൻ പറഞ്ഞു. ഇദ്ദേഹം പകരംവീട്ടട്ടെ! സ്വഹാബാക്കൾ(റ) നബി(സ) തിരുമേനിയുടെ പുറത്തുനിന്ന് വസ്ത്രം ഉയർത്തിയപ്പോൾ ആ സ്വഹാബി വിറയാർന്ന ചുണ്ടുകളാലും കണ്ണുനീർവാർത്തും മുന്നോട്ടുവന്നു. എന്നിട്ട് സ്നേഹവിവശനായി നബി(സ)തിരുമേനിയുടെ നഗ്നമായ പുറത്ത് ഒന്ന് മുത്തിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഒന്നിനും കൊള്ളാത്ത ഈ അടിമയായ ഞാൻ അങ്ങയോടെന്ത് പ്രതികാരം വീട്ടാനാണ്?അങ്ങനെ ചിന്തിക്കുമ്പോൾത്തന്നെ ഞങ്ങൾക്ക് വിറയലുണ്ടാകുന്നു. അങ്ങയുടെ മരണസമയം അടുത്തിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞപ്പോൾ എനിക്കെന്റെ ചുണ്ടുകൾ അങ്ങയുടെ ശരീരത്തിൽ സ്പർശിക്കണമെന്ന ആഗ്രഹമുണ്ടായി. എല്ലാ അനുഗ്രങ്ങളും ഒത്തുചേർന്നിട്ടുള്ള ഈ പുണ്യദേഹം ഒരിക്കലെങ്കിലും സ്പർശിക്കണമെന്ന് ആഗ്രഹിച്ചു. അതിനാൽ, എന്റെ ഈ ലക്ഷ്യപൂർത്തീകരണത്തിന് അന്ന് കൈമുട്ടുകൊണ്ടതിനെ കാരണമാക്കി ഞാൻ മാറ്റുകയായിരുന്നു. അവസാനമായി അങ്ങയെ ഒന്ന് ചുംബിക്കണമെന്ന് ഞാനാഗ്രഹിച്ചു. അല്ലാഹുവിന്റെ റസൂലേ, കൈമുട്ട് തട്ടുന്നതെല്ലാം നിസ്സാരമാണ്. ഞങ്ങളുടെ സർവ്വസ്വവും അങ്ങയ്ക്ക് തെണ്ടമാണ്. അങ്ങയെ മുത്താനുള്ള അവസരം കരസ്ഥമാക്കാൻ എന്റെ മനസ്സ് ഒരു കാരണം മെനഞ്ഞെന്ന് മാത്രം.' ആ വ്യക്തിയെ വധിക്കാനൊരുങ്ങിനിന്ന സ്വഹാബാക്കൾ(റ)ആദ്യം വളരെ കോപാകുലരായിരുന്നു. എന്നാൽ, ഇയാളുടെ മനസ്സിലുണ്ടായിരുന്നത് വേറൊരുദ്ദേശ്യമായിരുന്നുവെന്ന് അവർ കണ്ടപ്പോൾ അവർ മനസ്സിലാക്കിക്കൊണ്ട് ഇപ്രകാരം പറയാൻ തുടങ്ങി: 'തങ്ങൾക്കെല്ലാവർക്കും തങ്ങളുടെ പ്രിയതമനെ മുത്താനുള്ള അവസരം തങ്ങൾക്കെന്തുകൊണ്ട് കൈവന്നില്ലെന്ന് തങ്ങളോടുതന്നെ ചോദിച്ചു!'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'നമ്മുടെ നേതാവും വഴികാട്ടിയും ഈ മഹാത്മാവായിരുന്നു. അതായത് നബി(സ)തിരുമേനി. അദ്ദേഹം മറ്റെല്ലാ പ്രവാചകന്മാരേക്കാളും അനുപമമായ നിലയിൽ ഞങ്ങളുടെ ജീവിതത്തിന്റെ സകല മേഖലകൾക്കുംവേണ്ടി ഉദാത്തമായ മാതൃക കാഴ്ചവെച്ചു.'(ഉസ്‌വയെ ഹസ്ന, അൻവാറുൽഉലൂം, വാള്യം 17, പേജ് 128-130)

ബദ്ർ യുദ്ധത്തിലുണ്ടായിരുന്ന രീതി അതായത് അടയാളം അല്ലെങ്കിൽ മുദ്രാവാക്യം എന്തായിരുന്നു? ഇതിനെ കുറിച്ച് ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഉർവാ ബിൻ സുബയ്റിൽനിന്ന് നിവേദനം. യുദ്ധദിവസം മുഹാജിരീങ്ങളുടെ അടയാളം യാ ബനീ അബ്ദിർറഹ്മാൻ എന്നായിരുന്നു. ഖസ്റജ് ഗോത്രക്കാരുടെ അടയാളം യാ ബനീ അബ്ദില്ലാഹ് എന്നും ഔസ് ഗോത്രക്കാരുടെ അടയാളം യാ ബനീ ഉബയ്ദില്ലാഹ് എന്നുമായിരുന്നു. നബി(സ)തിരുമേനി കുതിരപടയക്ക് ഖയ്‌ലുല്ലാഹ് എന്ന് പേര് നല്കിയിരുന്നു. ഒരു നിവേദന പ്രകാരം അന്നേദിവസം എല്ലാവർക്കും പൊതുവായ അടയാളം യാ മൻസൂറു അമിത് അതായത് സഹായിക്കപ്പെട്ടവനേ! നീ വധിക്കുക എന്നതായിരുന്നു.(സുബുലുൽ ഹുദാ വർറശാദ് ബാബു ഗസ്‌വത്തു ബദ്റുൽ കുബ്റാ, വാള്യം 4, പേജ് 44, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)

ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് ബദ്ർ യുദ്ധത്തിൽ മദീനയിലെ അൻസ്വാറിന്റെ അടയാളം ഞാൻ പറഞ്ഞുവന്നതുപോലെ അവരുടെ അടയാളം അല്ലെങ്കിൽ മുദ്രാവാക്യം 'അഹദ്' എന്നായിരുന്നു. അത് നിശ്ചയിക്കപ്പെടാനുള്ള കാരണം ഇതായിരുന്നു. രാത്രിയുടെ കൂരിരുട്ടിൽ അല്ലെങ്കിൽ കൊടുമ്പിരികൊണ്ട യുദ്ധത്തിൽ ഈ മുദ്രാവാക്യത്താൽ ഇവർ അൻസ്വാറാണെന്ന് തിരിച്ചറിയപ്പെടാനായിരുന്നു. അതുപോലെ മുഹാജിരീങ്ങളായ മുസ്‌ലിമീങ്ങളുടെ അടയാളം അല്ലെങ്കിൽ മുദ്രാവാക്യം യാ ബനീ അബ്ദിർറഹ്മാൻ എന്നായിരുന്നു. (അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 242, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002) നബി(സ)തിരുമേനിയുടെ യുദ്ധസംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളാണ് ഇനിയുള്ളത്. നബി(സ)തിരുമേനി അണികളെയെല്ലാം നേരെയാക്കിയശേഷം സ്വാഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഞാൻ ആജ്ഞ നൽകുന്നതുവരെ നിങ്ങൾ ആക്രമിക്കരുത്. ശത്രുക്കൾ നിങ്ങളുടെ അടുത്തെത്തുമ്പോൾ അമ്പെയ്ത് അവരെ പിന്നോട്ടാക്കണം. കാരണം ദൂരത്തേക്കുള്ള അമ്പെയ്ത്ത് പലപ്പോഴും പാഴായിപ്പോകാറുണ്ട്. അമ്പുകൾ പാഴായിപ്പോകുകയാണ് പതിവ്. അതുപോലെ ശത്രുക്കൾ വളരെ അടുത്തെത്തിയാൽ മാത്രമേ വാൾ പ്രയോഗം നടത്താവൂ.'

നബി(സ)തിരുമേനിയുടെ ഒരു പ്രഭാഷണത്തെക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ജിഹാദിനെ അഥവാ ധർമസമരത്തെക്കുറിച്ച് ഉൽബോധിപ്പിച്ചും ക്ഷമകൈക്കൊള്ളാൻ ഉപദേശിച്ചും നബി(സ)തിരുമേനി സ്വഹാബാക്കളെ സംബോധന ചെയ്ത് പറഞ്ഞു: ആപൽഘട്ടത്തിൽ ക്ഷമ കൈക്കൊള്ളുമ്പോൾ അല്ലാഹു പ്രയാസങ്ങളെ ദൂരീകരിക്കുകയും ദുഃഖങ്ങളിൽനിന്ന് മോചനം നൽകുകയും ചെയ്യുന്നതാണ്.(അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്റു മഗാസിയ(സ), വാള്യം 2, പേജ്221, ദാറുൽകുതുബുൽ ഇൽമിയ്യ 2002) (താരീഖ് അത്ത്വബരി വാള്യം 2, പേജ് 32, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

വേറൊരു സ്ഥലത്ത് നബി(സ)തിരുമേനിയുടെ പ്രസ്തുത പ്രഭാഷണത്തെക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. നബി(സ) തിരുമേനി അല്ലാഹുവിനെ വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്തശേഷം പറഞ്ഞു: 'ഞാൻ നിങ്ങളെ അല്ലാഹു ഉൽബോധിപ്പിച്ച കാര്യത്തെതൊട്ട് ഉൽബാധിപ്പിക്കുകയും അല്ലാഹു വിലക്കിയ കാര്യത്തെതൊട്ട് വിലക്കുകയും ചെയ്യുന്നു. മഹാനും ആദരമുടയവനുമായ അല്ലാഹു നിങ്ങളോടു സത്യത്തെ മുറുകെപിടിക്കാൻ കല്പിക്കുന്നു. അവൻ സത്യത്തെ ഇഷ്ടപ്പെടുന്നു. സൽകർമികൾക്ക് തന്റെ സവിധത്തിലുള്ള ഉന്നതസ്ഥാനം നൽകുന്നു. സത്യത്തോടുകൂടി അവർ സംവദിക്കുകയും സത്യത്തോടെ അവർ പരസ്പരം മുന്നേറാൻ ശ്രമിക്കുകയും ചെയ്യുന്നു. നിങ്ങളിപ്പോൾ സത്യത്തിന്റെ പലഘട്ടങ്ങളിൽ ഒരു ഘട്ടത്തിലാണുള്ളത്. ആ ഘട്ടത്തിൽ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്യപ്പെട്ടതാണ് അവൻ സ്വീകരിക്കുന്നത്. ദുർഘടഘട്ടത്തിൽ ക്ഷമ കൈക്കൊണ്ടാൽ അല്ലാഹു ദുഃഖങ്ങൾ ദൂരീകരിക്കുന്നു. വ്യഥകളിൽനിന്നും മോചനമേകുന്നു. പരലോകത്ത് അതുണ്ടെങ്കിലേ വിജയിക്കുകയുള്ളൂ. അതായത് ക്ഷമ പ്രകടിപ്പിച്ചാൽ മാത്രം. നിങ്ങൾക്കിടയിൽ അല്ലാഹുവിന്റെ പ്രവാചകനുണ്ട്. അവൻ നിങ്ങളെ താക്കീതു ചെയ്യുകയും നിങ്ങൾ അല്ലാഹുവിനോട് ലജ്ജ കാണിക്കണമെന്ന് പറയുകയും ചെയ്യുന്നു. അവന്റെ വെറുപ്പിന് കാരണമാകുന്ന നിങ്ങളുടെ ഒരു കാര്യവും അവന് വെളിപെടാതിരിക്കട്ടെ. അല്ലാഹു പറയുന്നു: ലമഖ്ത്തുല്ലാഹി അക്ബറു മിൻമ്മഖ്തിക്കും അൻഫുസക്കും (40:11) അല്ലാഹുവിന്റെ കോപം നിങ്ങൾക്ക് പരസ്പരമുള്ള കോപത്തേക്കാൾ ഏറ്റവും വലുതാണ്. നിങ്ങൾക്കവൻ തന്റെ ഗ്രന്ഥത്തിൽ നല്കിയ കല്പനകളിൽ ശ്രദ്ധിക്കുവിൻ. അവൻ നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ കാണിച്ചു. അപമാനത്തിനുശേഷം അവൻ നിങ്ങൾക്ക് അന്തസ്സുനല്കി. ദൈവത്തിന്റെ കോന്തല അവൻ നിങ്ങളിൽ സംപ്രീതനാകുമാറ് മുറുകെ പിടിക്കുക. നിങ്ങൾ നിങ്ങളുടെ നാഥനിൽനിന്നുള്ള പരീക്ഷണത്തിൽ വിജയിക്കുക. അപ്രകാരം അവന്റെ കാരുണ്യത്തിനും പാപപ്പൊറുതിക്കും നിങ്ങൾ അർഹരാകുന്നതാണ്. അവന്റെ വാഗ്ദാനം സത്യപൂർണമാണ്. അവന്റെ വാക്കുകൾ സത്യസന്ധമാണ്. അവന്റെ ശിക്ഷ കഠിനതരമാണ്. സ്വയം ജീവിക്കുന്നവനും മറ്റുള്ളവരെ നിലനിറുത്തുന്നവനുമായ അല്ലാഹുവിനോടൊപ്പമാണ് നിങ്ങളുള്ളത്. അവനോട് നമ്മൾ നമ്മുടെ വിജയത്തിന് പ്രാർഥിക്കുന്നു. അവന്റെ കോന്തല മുറുകെ പിടിക്കുക. അവനിൽത്തന്നെ ഭരമേൽപിക്കുക. അവനിലേക്കുതന്നെ നിങ്ങൾ മടങ്ങുന്നതുമാണ്. അല്ലാഹു നമുക്കും സകല മുസ്‌ലിമീങ്ങൾക്കും പൊറുത്തുതരുമാറാകട്ടെ. (സുബുലുൽ ഹുദാ വർറശാദ് ബാബു ഗസ്‌വത്തു ബദ്റുൽ കുബ്റാ, വാള്യം 4, പേജ് 34, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത് 1993). ഇതായിരുന്നു അതിന്റെ വിശദീകരണങ്ങൾ. യുദ്ധത്തിൽ ചിലരെ വധിക്കുന്നതും നബി(സ)തിരുമേനി തടഞ്ഞിരുന്നു. അതിനെക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിൽ സ്വഹാബത്തിനോട് ഇപ്രകാരം പറഞ്ഞു, ബനൂ ഹാശിം ഗോത്രക്കാരും മറ്റു ചിലരും ഖുറയ്ശികളോടൊപ്പം വന്നിട്ടുള്ളത് നിർബന്ധസാഹചര്യത്തിലാണ്; അവരുടെ സ്വന്തം ഇച്ഛയാലല്ല. അവർ നമ്മളോടു യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്ന് എനിക്ക് വിവരം ലഭിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങളിലാരെങ്കിലും (യുദ്ധഭൂമിയിൽ) ബനൂ ഹാശിമുകാരെ കണ്ടാൽ അവരെ വധിക്കരുത്. അബുൽബഖ്ത്തരിയെ കണ്ടാൽ അദ്ദേഹത്തേയും വധിക്കരുത്. നബി(സ)തിരുമേനിയുടെ പിതൃവ്യനായ അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബിനെ കണ്ടാൽ അദ്ദേഹത്തേയും വധിക്കരുത്. കാരണം ഇവരെല്ലാം ഖുറയ്ശികളോടൊപ്പം അവരുടെ സമ്മർദ്ദത്തിന് വഴങ്ങി വന്നവരാണ്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു. ഹദ്റത്ത് അബൂഹുദയ്ഫ ബിൻ ഉത്ബ പറഞ്ഞു: 'ഞങ്ങൾ പിതാക്കളേയും മക്കളേയും സഹോദരങ്ങളേയും വധിക്കുകയും അബ്ബാസിനെ വെറുതെ വിടുകയും ചെയ്യണമെന്നാണോ? അല്ലാഹുവാണ! അബ്ബാസിനെ കണ്ടാൽ ഞാൻ തീർച്ചയായും വെട്ടിക്കൊല്ലുന്നതാണ്.' നിവേദകൻ പറയുന്നു. ഈ വിവരം നബി(സ) തിരുമേനിക്ക് ലഭിച്ചപ്പോൾ അവിടന്ന് ഉമർ ബിൻ ഖത്വാബിനോടു പറഞ്ഞു, 'അബൂ ഹഫ്‌സേ! ഹദ്റത്ത് ഉമർ(റ)പറയുന്നു, അല്ലാഹുവാണ! എന്നെ അന്നാദ്യമായിട്ടായിരുന്നു അബൂ ഹഫ്സ എന്ന വിളിപ്പേരെടുത്ത് നബി(സ) തിരുമേനി സംബോധന ചെയ്തത്. നബി(സ) തിരുമേനി പറഞ്ഞു, 'എന്ത്! അല്ലാഹുവിന്റെ റസൂ

ലിന്റെ പിതൃവ്യനെ വാളുകൊണ്ട് വെട്ടിക്കൊല്ലു മെന്നോ?' ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: അല്ലാഹു വിന്റെ ദൂതരേ! അയാളുടെ(അബൂഹുദയ്ഫായുടെ) തല കൊയ്യാൻ എനിക്ക് അനുമതി നൽകിയാലും. അയാൾ മുനാഫിഖത്ത്(കപടത)കാണിച്ചു. പറഞ്ഞു, അല്ലാഹുമാണ! അയാൾ അതായത് അബൂ ഹുദയ്ഫ കപടവിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നു. ഹദ്‌റത്ത് അബൂ ഹുദയ്ഫ(റ) പിന്നീട് പറയുമായിരുന്നു, അന്ന് ഞാൻ പറഞ്ഞ ആ വാക്കുകൾ കാരണത്താൽ എനിക്കെപ്പോഴും അസ്വസ്ഥതയിൽ കഴിച്ചുകൂട്ടേണ്ടി വന്നു. ശഹാദത്ത് മുഖേന അതിനുള്ള പ്രായശ്ചിത്തമാകുന്നതുവരെ ഞാൻ ഭയന്നുകഴിച്ചുകൂട്ടി. ഹദ്‌റത്ത് അബൂഹുദയ്ഫ ഒടുവിൽ യമാമ യുദ്ധത്തിൽ ശഹീദായി. (സീറത്ത് ഇബ്നു ഹിശാം, പേജ് 429, ബാബു ഗസ്‌വത്തു ബദ്ർ, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 2001)

ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എഴുതുന്നു, നബി(സ)തിരുമേനി സ്വഹാബാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'അവിശ്വാസികളുടെ സൈന്യത്തിൽ പങ്കെടുത്ത ചിലർ സ്വേച്ഛയാൽ ഈ ദൗത്യത്തിൽ വന്നു ചേർന്നവരല്ല പ്രത്യുത ഖുറയ്ശി പ്രമാണിമാരുടെ സമ്മർദ്ദത്തിന് വഴങ്ങി വന്നവരാണ്. മനസ്സാൽ അവർ നമ്മുടെ ശത്രുക്കളല്ല. അതുപോലെ ആ സൈന്യത്തിൽ ചേർന്ന മറ്റുചിലരുമുണ്ട്. അവർ മക്കയിൽ നമ്മുടെ ആപൽഘട്ടത്തിൽ നമ്മളോടു മാന്യമായി പെരുമാറിയവരാണ്. അവരുടെ ഔദാര്യത്തിന് പ്രത്യുപകാരം ചെയ്യേണ്ടത് നമ്മുടെ കടമയാണ്. അവർ മക്കയിൽ മുസ്‌ലിമീങ്ങളോട് മാന്യത കാണിച്ചവരാണ്. അതിനാൽ അത്തരത്തിലുള്ള ആരെങ്കിലും ഒരു മുസ്‌ലിമിന്റെ മുമ്പിൽപെട്ടാൽ അവരെ ഒരുതരത്തിലും പ്രയാസപ്പെടുത്തരുത്. നബി(സ)തിരുമേനി പ്രത്യേകമായ നിലയിൽ ആദ്യഘട്ടത്തിൽ അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബിനേയും രണ്ടാം ഘട്ടത്തിൽ അബുൽ ബഖ്ത്തരിയേയും പേരെടുത്ത് പറഞ്ഞു. അവരെ വധിക്കുന്നതിൽനിന്ന് വിലക്കി. അവർ മുസ്‌ലിമീങ്ങളുടെ പ്രയാസങ്ങളകറ്റാൻ ശ്രമിച്ചവരായിരുന്നു എന്നതിനാലാണ് അപ്രകാരം വിലക്കിയത്. എന്നാൽ, പരിതഃസ്ഥിതികൾ വളരെ പ്രതികൂലമായി മാറുകയും അബുൽ ബഖ്ത്തരി വധിക്കപ്പെടുന്നതിൽനിന്ന് രക്ഷപ്പെടാതിരിക്കുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി തന്നെ വധിക്കുന്നത് വിലക്കിയിരുന്നു വെന്ന് അദ്ദേഹത്തിന്റെ മരണത്തിനുമുമ്പേ അദ്ദേഹത്തെ അറിയിക്കാൻ സാധിച്ചിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ്(റ) സാഹിബ് എം.എ. പേജ് 360-361)

ചരിത്രത്തിൽ വന്നിരിക്കുന്നു, അനന്തരം നബി(സ)തിരുമേനി പന്തലിൽപോയി വീണ്ടും ദുആയിൽ വ്യാപൃതനായി. നബി(സ)തിരുമേനിക്കുവേണ്ടി തയ്യാറാക്കിയ സ്ഥലമായിരുന്നു ആ പന്തൽ. ഹദ്‌റത്ത് അബൂബക്റും കൂടെയുണ്ടായിരുന്നു. പന്തലിനുചുറ്റും സഅ്ദ് ബിൻ മുആദിന്റെ നേതൃത്വത്തിൽ അൻസ്വാറിന്റെ ഒരു സൈന്യവും കാവലിന് നിയുക്തരായിട്ടുണ്ടായിരുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്റു മഗാസിയ(സ), വാല്യം 2, പേജ്221, ദാറുൽകുതുബുൽ ഇൽമിയ്യ 2002)

ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ)വിവരിക്കുന്നു. നബി(സ)തിരുമേനി ബദ്ർ ദിവസം ഒരു വലിയ കൂടാരത്തിലായിരുന്നു. അവിടന്ന് പറഞ്ഞു: അല്ലാഹുമ്മ ഇന്നീ അൻശുദുക്ക അഹദക്ക വ വഅ്ദക്ക അല്ലാഹുമ്മ ഇൻശിഅ്ത്ത ലം തുഅ്ബദ് ബഅ്ദൽ യൗമി. 'അല്ലാഹുവേ!ഞാൻ നിന്റെ വാഗ്ദാനത്തേയും പ്രതിജ്ഞയേയും തൊട്ട് സത്യം ചെയ്യുന്നു. അല്ലയോ എന്റെ നാഥാ! നീ തന്നെ മുസ്‌ലിമീങ്ങളുടെ നാശം ആഗ്രഹിച്ചാൽ പ്പിന്നെ ഇന്നേക്കുശേഷം നിന്നെ ആരാധിക്കാൻ ആരും ഉണ്ടാവുകയില്ല.'

അത് പറഞ്ഞതും ഹദ്‌റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് മതിയാക്കിയാലും. അങ്ങ് അങ്ങയുടെ നാഥനോട് ദുആ ചെയ്യുന്നതിൽ വളരെ ആധിക്യം കാണിച്ചിരിക്കുന്നു.' നബി(സ) തിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു. അവിടന്ന് കൂടാരത്തിൽനിന്നിറങ്ങുമ്പോൾ ഇപ്രകാരം ദുആ ചെയ്യുന്നുണ്ടായിരുന്നു; സ യുഹ്സമുൽ ജംഉ വയുവല്ലൂനദ്ദുബ്റ-ബലിസ്സാഅത്തു മൗയിദുഹും വസ്സാഅത്തു അദ്ഹാ വ അമർറു (54:46-47)ആ സൈന്യ സമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും;അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. എന്നാൽ, ആ സമയം അവരുടെ നിശ്ചയ അവധിയാണ്. ആ സമയം ഏറ്റവും ആപൽക്കരവും കടുത്ത തിക്തവുമായിരിക്കും.(സ്വഹീഹ് ബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു മാ ഖീല ഫീ ദർയിന്നബിയ്യി(സ)വൽഖമീസു ഫിൽഹർബി, ഹദീഥ് 2915)

ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)പറയുന്നു:ഹദ്‌റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ) എന്നോടു ബദ്ർ ദിവസം പറഞ്ഞു:ബദ്ർ ദിവസം നബി(സ)തിരുമേനി അന്യാരാധകരെ നോക്കുമ്പോൾ അവർ ആയിരം പേരുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബിമാർ 319 പേരും. അല്ലാഹുവിന്റെ റസൂൽ ഖിബ്‌ലയുടെ നേരെ മുഖം തിരിച്ച് തന്റെ കൈകളുയർത്തി അല്ലാഹുവിനെ ഉച്ചത്തിൽ വിളിച്ചുകൊണ്ടിരുന്നു: അല്ലാഹുമ്മ അൻജിസ്‌ലീ മാ വഅദ്ത്തനീ-അല്ലാഹുമ്മ ആത്തി മാ വഅദ്ത്തനീ-അല്ലാഹുമ്മ ഇൻതുഹ്‌ലിക് ഹാദിഹിൽ യിസ്വാബത്ത മിൻ അഹ്‌ലിൽ ഇസ്‌ലാമി ലാ തുഅ്ബദ് ഫിൽ അർളി അല്ലാഹുവേ! നീ എന്നോടു ചെയ്ത വാഗ്ദാനം നിറവേറ്റിയാലും. നീ എനിക്കു വാക്കു തന്നത് നല്കിയാലും. അല്ലാഹുവേ! നീ മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ നശിപ്പിച്ചാൽ ഭൂമിയിലാരും നിന്നെ ആരാധിക്കുന്നവരായി ഉണ്ടാകുകയില്ല. ആ നേരത്ത് നബി(സ)തിരുമേനി എത്രമാത്രം അസ്വസ്ഥനായിരുന്നുവെന്നാൽ ചിലപ്പോൾ ആ മഹാത്മാവ് സുജൂദിൽ വീഴും ചിലപ്പോൾ എഴുന്നേറ്റ് അല്ലാഹുവിനെ വിളിച്ച് പ്രാർഥിക്കും. നബി(സ)തിരുമേനിയുടെ പുതപ്പ് തോളിൽനിന്ന് താഴെ വീഴുകയും അബൂബക്ർ അതെടുത്ത് അവിടത്തെ തോളിലിടുകയും ചെയ്തിരുന്നു. അദ്ദേഹം പിന്നിൽനിന്ന് നബി(സ) തിരുമേനിയെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു:അല്ലാഹുവിന്റെ നബിയേ! അങ്ങയുടെ റബ്ബിന്റെ തിരുസന്നിധിയിലുള്ള അങ്ങയുടെ വിലാപം നിറഞ്ഞുള്ള പ്രാർഥന അങ്ങയ്ക്ക് മതിയായതാണ്. അങ്ങയോടു ചെയ്തിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും അവൻ തീർച്ചയായും പൂർത്തിയാക്കുന്നതാണ്. അപ്പോഴാണ് അല്ലാഹു ഈ ആയത്തിറക്കിയത് :ഇദ് തസ്തഗീഥൂന റബ്ബക്കും ഫസ്തജാബ ലക്കും അന്നീ മുമിദ്ദുക്കും ബി അൽഫിൻ മ്മിനൽ മലാഇക്കത്തി മുർദിഫീൻ(8:10)നിങ്ങളുടെ നാഥനോടു നിങ്ങൾ സഹായം തേടിക്കൊണ്ടിരുന്ന സന്ദർഭം. അപ്പോൾ അവൻ നിങ്ങൾക്ക് ഉത്തരം നല്കി:'തീർച്ചയായും തുടരെത്തുടരെ വരുന്ന ആയിരം മലക്കുകളെക്കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുന്നതായിരിക്കും.' അങ്ങനെ അല്ലാഹു മലക്കുകൾ മുഖേന നബി(സ)തിരുമേനിയെ സഹായിച്ചു. ഇതു സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു അൽഇംദാദു ബിൽമലാഇക്കത്തി ഫീ ഗസ്‌വത്തി ബദ്ർ വ അബാഹത്തുൽ ഗനാഇം ഹദീഥ് നമ്പർ 4588)

ഈ സംഭവം ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: പിന്നീട് അവിടന്ന് പന്തലിൽപോയി പ്രാർഥനയിൽ മുഴുകി. ഹദ്‌റത്ത് അബൂബക്റും കൂടെ ഉണ്ടായിരുന്നു. പന്തലിനു ചുറ്റും അൻസ്വാറിന്റെ ഒരു സംഘം സഅ്ദ് ബിൻ മുആദിന്റെ നേതൃത്വത്തിൽ കാവലുണ്ടായിരുന്നു. കുറച്ചു നേരത്തിനുശേഷം മൈതാനത്തുനിന്ന് ഒരു ബഹളം കേട്ടു. ഖുറയ്ശീ സൈന്യം ആക്രമണം നടത്തിയെന്ന് മനസ്സിലായി. ആ നേരത്ത് നബി(സ)തിരുമേനി അങ്ങേയറ്റം വേദനയുടെ അവസ്ഥയിൽ അല്ലാഹുവിന്റെ മുമ്പിൽ കൈകൾ നീട്ടി ദുആകൾ ചെയ്യുകയായിരുന്നു. താണുകേണുള്ള അവസ്ഥയിൽ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: അല്ലാഹുമ്മ ഇന്നീ അൻശുദുക്ക അഹദക്കവ വഅ്ദക്ക അല്ലാഹുമ്മ ഇൻതുഹ്‌ലിക് ഹാദിഹിൽ യിസ്വാബത്ത മിൻ അഹ്‌ലിൽ ഇസ്‌ലാമി ലാ തുഅ്ബദ് ഫിൽ അർളി. അല്ലാഹുവേ!ഞാൻ നിന്റെ വാഗ്ദാനത്തേയും പ്രതിജ്ഞയേയും തൊട്ട് സത്യം ചെയ്യുന്നു. അല്ലാഹുവേ! നീ മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ നശിപ്പിച്ചാൽ പിന്നെ ഭൂമിയിലാരും നിന്നെ ആരാധിക്കുന്നവരായി ഉണ്ടാകുകയില്ല. ആ നേരത്ത് അവിടന്ന് ഏതൊരു വിഷമസന്ധിയിലായിരുന്നുവെന്നാൽ, ചിലപ്പോൾ അവിടന്ന് സുജൂദിൽ വീഴും, ചിലപ്പോൾ നിന്നുകൊണ്ടു അല്ലാഹുവിനെ വിളിക്കും, അവിടത്തെ പുതുപ്പ് തോളിൽനിന്നു വീണുപോകുമായിരുന്നു. അപ്പോൾ ഹദ്‌റത്ത് അബൂബക്ർ(റ) അതെടുത്തെടുത്ത് തോളത്തിടും. ഹദ്‌റത്ത് അലി(റ) പറയുന്നു: യുദ്ധത്തിന്നിടയിൽ ഞാൻ നബി(സ)തിരുമേനിയെക്കുറിച്ച് ചിന്താകുലനാകുമ്പോൾ അവിടത്തെ പന്തലിനടുത്തേക്ക് ഓടുമായിരുന്നു. എന്നാൽ, ഞാൻ നോക്കുമ്പോഴൊക്കെ അവിടന്ന് സുജൂദിൽക്കിടന്ന് നിലവിളിക്കുന്നതാണ് കണ്ടത്. അവിടന്ന് ഇങ്ങനെ ചൊല്ലുന്നതായി ഞാൻ കേട്ടു. യാ ഹയ്യു യാ ഖയ്യൂം അതായത് അല്ലയോ ജീവിച്ചിരിക്കുന്നവനേ! അല്ലയോ എല്ലാത്തിനേയും നിലനിറുത്തുന്നവനേ! നബി(സ)തിരുമേനിയുടെ ആ അവസ്ഥ കണ്ട് അബൂബക്ർ(റ) പരിഭ്രാന്തനാകുമായിരുന്നു. ചിലപ്പോൾ നിയന്ത്രണാതീതനായി പറയുമായിരുന്നു: അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങ് പരിഭ്രമിക്കാതെ.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

അല്ലാഹു തന്റെ വാഗ്ദാനം നിശ്ചമായും പൂർത്തിയാക്കുന്നതാണ്. എന്നാൽ, ഒരു പേർഷ്യൻ ചൊല്ല് അർഥവത്താക്കുന്ന നിലയിലായിരുന്നു നബി(സ) തിരുമേനിയുടെ അവസ്ഥ. കെ ഹർ കെ ആരിഫ് തർ അസ്ത് തർസാൻ തർ ദൈവം പരിജ്ഞാനം വർധിപ്പിക്കുന്തോറും ഭയവും വർധിക്കുന്നതാണ്. നബി(സ)തിരുമേനി ദുആയിലും വിലാപത്തിലും മുഴുകിക്കൊണ്ടിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ) സാഹിബ് എം.എ. പേജ് 361)

തവക്കുൽ എന്താണ്? അതായത് ആത്മസമർപണം. ഈ വിഷയത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ സംഭവം വിവരിക്കുന്നത് ഇപ്രകാരമാണ്: 'നബി(സ)തിരുമേനി ബദ്റിൽവെച്ച് സ്വഹാബാക്കളെ ക്രമീകരിച്ചു. അതാത് സ്ഥാനങ്ങളിൽ അവരെ വിന്യസിപ്പിച്ചു. ഇപ്രകാരം യുദ്ധം ചെയ്യണമെന്ന് ഉപദേശിച്ചു. അതിനുശേഷം ഒരു ഏറുമാടത്തിൽ ചെന്ന് ദുആ ചെയ്യാൻ തുടങ്ങി. അല്ലാതെ സ്വഹാബാക്കളെ മദീനയിൽ ഉപേക്ഷിച്ച് അവിടെച്ചെന്ന് പ്രാർഥനാനിരതനാവുകയല്ല ചെയ്തത്. മറിച്ച് സ്വഹാബാക്കളുമൊത്ത് യുദ്ധസ്ഥലത്തെത്തുകയും പിന്നെ അവരെ ക്രമീകരിക്കുകയും ചെയ്തു. തുടർന്ന് അവർക്ക് ഉപദേശനിർദ്ദേശങ്ങൾ നൽകി. ശേഷം ഏറുമാടത്തിൽ കയറി ദുആ ചെയ്യാൻ തുടങ്ങി. ഈ തവക്കുലാണ് കൈക്കൊള്ളേണ്ടത്.'(തഫ്സീറെ കബീർ വാള്യം 6, പേജ് 541)

അതായത് ഭൗതികോപാദികളും പ്രയോജനപ്പെടുത്തണം. മനുഷ്യൻ പറ്റുന്നരീതിയിൽ പ്രയത്നിക്കുകയും വേണം. ശേഷം പ്രാർഥനയിലും നിരതനാകണം. അതിനാണ് തവക്കുൽ എന്ന് പറയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:വിശുദ്ധ ഖുർആനിൽ അല്ലാഹു നബി(സ)തിരുമേനിയോടു പലയിടങ്ങളിലായാണ് അവിശ്വാസികൾക്കെതിരെ വിജയം നൽകുമെന്ന് വാഗ്ദാനം നൽകിയിട്ടുള്ളത്. എന്നാൽ, ഇസ്‌ലാമിലെ ആദ്യപോരാട്ടമായ ബദ്ർ യുദ്ധം തുടങ്ങിയപ്പോൾ നബി(സ) തിരുമേനി വിലപിച്ചു പ്രാർഥിക്കാൻ തുടങ്ങി. ദുആയിൽ ഇടയ്ക്കിടെ തിരുവായിൽനിന്ന് ഈ വാക്കുകൾ പുറത്തുവരുന്നുണ്ടായിരുന്നു: അല്ലാഹുമ്മ ഇൻ അഹ്‌ലക്ത ഹാദിഹിൽയിസ്വാബത്ത ഫലൻ തുഅ്ബുദ ഫിൽഅർളി അബദാ അതായത് അല്ലാഹുവേ! 313 പേരടങ്ങിയ ഈ സംഘത്തെ ഇന്ന് നീ നശിപ്പിച്ചാൽ പുനരുഥാന നാൾവരെ നിന്നെ ഈ ഭൂമുഖത്ത് ആരും ആരാധിക്കുന്നവരായിട്ടുണ്ടാകുകയില്ല. ഈ വാക്കുകൾ നബി(സ)തിരുമേനി ഉരുവിടുന്നത് കേട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ (റ)പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഇത്രമാത്രം അസ്വസ്ഥനാകുന്നതെന്തിനാണ്? അങ്ങയ്ക്ക് വിജയം നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ആ വാഗ്ദാനം ഖണ്ഡിതമല്ലേ.? നബി(സ)തിരുമേനി പറഞ്ഞു: അതൊക്കെ ശരിതന്നെ. എന്നാൽ, അവന്റെ ഇഷ്ടമാണ് എന്റെ ദൃഷ്ടിയിലുള്ളത്. അതായത് ഏതെങ്കിലും വാഗ്ദാനം നിറവേറ്റുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം തെറ്റിക്കാനാകാത്ത ബാധ്യതയൊന്നുമല്ല.(ഉമീമ ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21 പേജ് 255-256)

അല്ലാഹു ആരേയും ആശ്രയിക്കാത്തവനാണ്. അതിനാൽ, നമ്മൾ എല്ലാ സന്ദർഭങ്ങളിലും എല്ലാ സമയങ്ങളിലും ഭയന്നും ചിന്താകുലരായും കഴിയേണ്ടതുണ്ട്.നബി(സ)തിരുമേനി ആ പന്തലിൽ ദുആ ചെയ്തുകൊണ്ടിരിക്കവെ ഒന്ന് മയങ്ങിപ്പോയി. പെട്ടെന്ന് ഞെട്ടിയുണർന്ന് പറഞ്ഞു: 'അബൂബക്റേ! സന്തോഷിക്കുവിൻ! താങ്കളുടെ രക്ഷിതാവിൽനിന്ന് സഹായമെത്തിയിരിക്കുന്നു. നോക്കൂ! ജിബ്‌രീൽ തന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ച് അതിനെ ഓടിച്ചുവരുന്നു. അതിന്റെ കാൽപാടുകളിൽ പൊടിപുരണ്ട അടയാളമുണ്ട്.'(സീറത്ത് ഇബ്നു ഹിശാം, പേജ് 428,പ്രസാധനം ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) ഇത് സീറത്ത് ഇബ്നു ഹിശാമിലുള്ള നിവേദനമാണ്.

മറ്റൊരു നിവേദനത്തിലുള്ളത് നബി(സ) തിരുമേനി പറഞ്ഞു അബൂബക്റേ! അങ്ങയ്ക്ക് സുവാർത്തയായിരിക്കട്ടെ. ഈ സമയത്ത് തലപ്പാവ് ധരിച്ചിരുന്ന ആൾ ജിബ്‌രീൽ(അ) ആണ്. അദ്ദേഹം ആകാശഭൂമികൾക്ക് മധ്യേ തന്റെ കുതിരകളുടെ കടിഞ്ഞാൺ പിടിച്ച് നിൽപ്പാണ്. അദ്ദേഹം ഭൂമിയിൽ ഇറങ്ങിയശേഷം അല്പസമയത്തേക്ക് എന്നിൽനിന്ന് അപ്രത്യക്ഷനായി. പിന്നെ വീണ്ടും വെളിപ്പെട്ടു. അദ്ദേഹത്തിന്റെ കുതിരയുടെ കാലുകൾ പൊടിപുരണ്ടതായിരുന്നു.നബി(സ)തിരുമേനി ദുആ ചെയ്തതിന്റെ ഫലമായി അല്ലാഹുവിന്റെ സഹായം അങ്ങയ്ക്ക് എത്തിയതാണ്.(സുബുലുൽ ഹുദാ വർറശാദ് ബാബു ഗസ്‌വത്തു ബദ്റുൽ കുബ്റാ, വാള്യം 4, പേജ് 37, ഗസ്‌വത്തു ബദ്റുൽകുബ്റാ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത്)

ബദ്ർ യുദ്ധത്തിൽ നബി (സ) തിരുമേനിയുടെ വ്യക്തിപരമായ പങ്കാളിത്വത്തെ കുറിച്ച് എഴുതുന്നു: ബദ്ർ മൈതാനത്ത് നബി(സ)തിരുമേനി സുബയ്ർ ബിൻ അവ്വാമിനെ വലതു ഭാഗത്തും മിഖ്ദാദ് ബിൻ അംറിനെ ഇടതു ഭാഗത്തും ഖയ്സ് ബിൻ അബിസ്വഅ്സ്വയെ കാലാൾപടയിലും മേൽനോട്ടക്കാരായി നിശ്ചയിച്ചു. സൈന്യത്തിന്റെ പൊതുവിലുള്ള നേതൃത്വം നബി(സ)തിരുമേനിയുടെ കൈയിൽത്തന്നെ യായിരുന്നു. നബി(സ) തിരുമേനി മുൻഭാഗത്തുള്ള അണികളിലായിരുന്നു. നബി(സ)തിരുമേനി സ്വഹാബാക്കളോട് തന്റെ നിർദേശങ്ങൾക്കനുസരിച്ച് നീങ്ങാൻ നിർദേശിച്ചു. താൻ മുന്നിൽ ആകാത്തതു വരെ ആക്രമണം നടത്തരുതെന്ന് അദ്ദേഹം നിർദേശിച്ചു. ആയുധങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് നബി(സ)തിരുമേനി ഇപ്രകാരം നിർദേശം നൽകി; ശത്രു നിങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞാൽ അമ്പെയ്യുക. കഴിയുന്നത്ര അമ്പുകൾ പാഴായിപ്പോകാതിരിക്കാൻ സൂക്ഷിക്കണം.

ഈ ഇരുന്ന് ദുആ ചെയ്തതിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരണവും പൂർണമായും യുദ്ധം തുടങ്ങുന്നതിനു മുൻമ്പേയുള്ള സംഭവമാണ്. എന്തെന്നാൽ, അത് രേഖപ്പെട്ടുകിടക്കുന്നത് നബി(സ)തിരുമേനി യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലെന്ന പ്രതീതി ഉളവാക്കുംവിധമാണ്. എന്നാൽ, നബി(സ)തിരുമേനി അതിൽ പങ്കെടുത്തിരുന്നു. അതിനു മുന്നോടിയായാണ് നബി(സ)തിരുമേനി ദുആ ചെയ്തതും തൽഫലമായി അല്ലാഹു മലക്കുകളാൽ സഹായിച്ചതും. ഇപ്രകാരം വന്നിരിക്കുന്നു, നബി(സ)തിരുമേനി ബദ്ർ യുദ്ധ മൈതാനത്തിൽ നേരിട്ടിറങ്ങി യുദ്ധം ചെയ്തിരുന്നു എന്നതിനെ കുറിച്ച് ഹദ്റത്ത് അലിയുടെ നിവേദനമുണ്ട്. അതിപ്രകാരമാണ്, ഞങ്ങൾ ബദ്ർ ദിവസം നബി(സ)തിരുമേനിയുടെ പിറകിലായി നിലകൊണ്ടിരുന്ന, നബി(സ)തിരുമേനിയായിരുന്നു ശത്രുക്കളോട് ഏറ്റവും അടുത്ത് നിലകൊണ്ടിരുന്നത്. നബി(സ)തിരുമേനിയായിരുന്നു എല്ലാ മുജാഹിദുകളിലുംവച്ച് ഏറ്റവുമധികം യുദ്ധം ചെയ്തിരുന്ന വ്യക്തി.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 174, 201, ബസം ഇഖ്ബാൽ ലാഹോർ ഏപ്രിൽ 2022)

യുദ്ധ മൈതാനത്ത് ഖുറയ്ശി സൈന്യത്തിന്റെ വരവും ഇരു സൈന്യങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകളും സംഘർഷങ്ങളും സംബന്ധിച്ച് ഇപ്രകാരം വന്നിരിക്കുന്നു: ഖുറയ്ശികൾ ബദ്ർ മൈതാനത്തിലിറങ്ങിയപ്പോൾ ആദ്യമായി ഉമയ്ർ ബിൻ വഹ്ബിനെ അയച്ചുകൊണ്ടു, മുഹമ്മദ്(സ)ന്റെ കൂടെ എത്ര യോദ്ധാക്കളുണ്ടെന്ന് അന്വേഷിച്ച് വരിക എന്ന് പറഞ്ഞു. അപ്പോൾ ഉമയ്ർ കുതിരപ്പുറത്തേറി ഇസ്‌ലാമിക സൈന്യത്തിനു ചുറ്റും കറങ്ങി തിരികെ മക്ക ഖുറയ്ശികളുടെ അടുത്ത് വന്നു പറഞ്ഞു: 'ഞാൻ കരുതുന്നത് അവർ മുന്നൂറിൽ അല്പം കുറവോ കൂടതലോ മാത്രമാണെന്നാണ്.' അയാൾ വീണ്ടും അന്വേഷിക്കാൻ പോയി. ഇസ്‌ലാമിക സൈന്യത്തെ സഹായിക്കാൻ മറഞ്ഞിരിക്കുന്ന ഏതെങ്കിലും പോഷക സൈന്യമുണ്ടോ എന്ന് തിരക്കി. അതിന് ഉമയ്ർ ബിൻ വഹ്ബ് തന്റെ കുതിരപ്പുറത്തേറി ഒരുപാടു ദൂരം കറങ്ങി നടന്നു. അവിടെനിന്നു തിരിച്ചുവന്നു പറഞ്ഞു: അവർക്ക് സഹായികളായി മറ്റാരെങ്കിലുമുള്ളതായി തോന്നുന്നില്ല. എന്നാൽ, അല്ലയോ ഖുറയ്ശികളെ! ഞാൻ കണ്ടത് നിങ്ങൾക്കുവേണ്ടി മുസ്വീബത്തുകൾ മരണരൂപത്തിൽ അവിടെ ഇറങ്ങിയതായാണ്. മരണങ്ങൾ വഹിച്ചുകൊണ്ടുള്ള ഒട്ടകങ്ങളെ ഞാൻ കണ്ടു. യഥ്‌രിബിലെ അതായത് മദീനയിലെ ഒട്ടകങ്ങൾ മരണംപേറി നടക്കുന്നത് ഞാൻ കണ്ടു. ആ സമൂഹത്തിന്റെ കൈയിൽ പ്രതിരോധത്തിന് സാമഗ്രികളൊന്നും തന്നെയില്ല. അവർക്ക് രക്ഷയ്ക്ക് വാളുകളല്ലാതെ ഒരു അഭയകേന്ദ്രവുമില്ല. നമ്മളിലെ ഓരോരുത്തരെയും വധിച്ചു കഴിയുംവരെ അവരിൽ ആരുംതന്നെ വധിക്കപ്പെടുന്നതുമല്ല. അവർ തങ്ങളുടെ എണ്ണമനുസരിച്ച് നമ്മളിലെ ഓരോരുത്തരെയുംവധിച്ചു കളഞ്ഞാൽ പിന്നെ ജീവിതത്തിൽ ബാക്കി എന്തവശേഷിക്കാനാണ്? ഇനി നിങ്ങൾക്ക് ഉചിതമായി തോന്നുന്നത് ചെയ്യാം. അയാളെല്ലാ കാര്യങ്ങളും വിലയിരുത്തി തന്റെ അഭിപ്രായം പ്രകടിപ്പിച്ചു.

ഈ വാക്കുകൾ കേട്ട് ഹക്കീം ബിൻ ഹസ്സാം, ഉത്ബാ ബിൻ റബീഅയുടെ അടുത്തു വന്നു. അയാൾ പറഞ്ഞു: താങ്കൾ ഖുറയ്ശികൾക്കിടയിൽ ആദരണീയനായ ഒരു പ്രമാണിയാണ്. അതുകൊണ്ട് താങ്കൾ എല്ലാവരെയും കൊണ്ടു മടങ്ങിപ്പോകുക. എന്നിട്ട് അംറ് ബിൻ ഹള്‌റമിയുടെ രക്തവില നൽകുക. ഉത്ബ പറഞ്ഞു: എനിക്ക് സമ്മതമാണ്. നീ ഇബ്നു ഹൻസലയുടെ അടുത്തു പോകുക അബൂ ജഹ്‌ലിന്റെ പേരാണ് ഇബ്നു ഹൻസല. കാരണം അയാളുടെ പേര് ഹൻസല എന്നായിരുന്നു. അങ്ങനെ ഹക്കീം ബിൻ ഹസ്സാം അതിന് അബൂജഹ്‌ലിന്റെ അടുത്തുപോയി. എന്നിട്ട് പറഞ്ഞു: എന്നെ ഉത്ബ താങ്കളുടെ അടുക്കൽ രക്തവില നൽകാനായി അയച്ചതാണ്. താങ്കൾ ഖുറയ്ശികളുമായി മടങ്ങപ്പോകണം. ഉത്ബ മുഹമ്മദിനെ കണ്ടപ്പോൾ ഭയന്നുപോയി. അയാൾ ഭീരുത്വം പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഒരിക്കലുമില്ല.

അല്ലാഹു നമുക്കും മുഹമ്മദിനുമിടയിൽ ഒരു തീരുമാനം കല്പിക്കുന്നതുവരെ അല്ലാഹുവാണ നമ്മളൊരിക്കലും മടങ്ങിപ്പോകുന്നതല്ല. അബൂജഹ്ൽ ഇങ്ങനെയും കൂട്ടിച്ചേർത്തു. ഉത്ബ നമ്മളെ യുദ്ധത്തിൽനിന്നു തടയുന്നതിനുകാരണം അവനറിയാം മുസ്‌ലിമീങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഒട്ടകത്തിന്റെ ഉരുളപോലെയാണ്. അതായത് അവരെ വധിക്കുന്നത് നമുക്ക് വളരെ എളുപ്പമുള്ള കാര്യമാണ്. പോരാത്തതിന് മുസ്‌ലിമീങ്ങൾക്കിടയിൽ ഉത്ബയുടെ മകനുമുണ്ടല്ലോ. ഉത്ബയുടെ മകൻ മുസ്‌ലിമായിരുന്നു. അതുകൊണ്ട് ചിലപ്പോൾ തന്റെ മകൻ കാരണം അയാൾ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടാവില്ല. ഉത്ബയുടെ ആ മകൻ ഹദ്റത്ത് അബൂഹുദയ്ഫയായിരുന്നു. അദ്ദേഹം മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ബദ്ർ മൈതാനത്തിൽ പങ്കെടുത്തിരുന്നു. ഉത്ബക്ക് അബൂജഹ്ൽ, തന്നെ ഭീരു എന്നു പറഞ്ഞ് പരിഹസിച്ച വിവരം ലഭിച്ചപ്പോൾ അയാൾ പറഞ്ഞു. അബൂജഹ്‌ലിനു പെട്ടെന്നു

തന്നെ മനസ്സിലാകും ആരാണ് ഭീരു, ആരാണ് ഭയന്നിരിക്കുന്നതെന്ന്!(സീറത്ത് ഇബ്നു ഹിശാം, പേജ് 424-426, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, അത്ത്വബഖത്തിൽഊലാ 2001)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതിന്റെ വിശദീകരണങ്ങൾ ഇങ്ങനെ വിവരിക്കുന്നു: ആ സമയത്ത് ഇരു സൈന്യങ്ങളും മുഖാമുഖമായിരുന്നു. മുമ്പേ യുദ്ധത്തിന്റെ തുടക്കത്തിൽ സൈന്യങ്ങൾ ഒരുമിച്ചു കൂടുകയായിരുന്നു. കാഫിരീങ്ങളുടെ സൈന്യം വളരെ വലുതായിരുന്നു. ആ സമയത്ത് നബി(സ)തിരുമേനി ദുആയിൽ മുഴുകി ഇരിക്കുകയായിരുന്നു. സൈന്യങ്ങൾ മുഖാമുഖമായപ്പോൾ, യുദ്ധത്തിന് തുടക്കം കുറിക്കാനായപ്പോൾ നബി(സ)തിരുമേനി യുദ്ധ മൈതാനത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഈ സമയത്ത് ഇരു സൈന്യങ്ങളും പരസ്പരം മുഖാമുഖമായി കഴിഞ്ഞിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ശക്തിവിലാസത്താൽ ആ സമയത്തുണ്ടായിരുന്ന സൈന്യക ക്രമീകരണം എപ്രകാരമായിരുന്നുവെന്നാൽ, ഇസ്‌ലാമിക സൈന്യം ഖുറയ്ശികൾക്ക് യഥാർഥത്തിലുള്ളതിനെക്കാൾ കൂടുതൽ എന്നല്ല ഇരട്ടിയായി കാണപ്പെട്ടിരുന്നു. അക്കാരണത്താൽ കാഫിരീങ്ങൾ ഭയന്നിരുന്നു. മറുഭാഗത്ത് ഖുറയ്ശി സൈന്യം മുസ്‌ലമീങ്ങൾക്ക് അവരുടെ യഥാർഥ എണ്ണത്തിൽ കുറവായി കാണപ്പെട്ടിരുന്നു. അക്കാരണത്താൽ മുസ്‌ലിമീങ്ങളുടെ ധൈര്യം വർധിച്ചു.

എങ്ങനെയെങ്കിലും ഇസ്‌ലാമിക സൈന്യത്തിന്റെ ശരിയായ അംഗബലം എത്രയാണെന്ന് അറിയാൻ ഖുറയ്ശികൾ കിണഞ്ഞു പരിശ്രമിച്ചു. അങ്ങനെ അവരുടെ ചോർന്നുപോയ ധൈര്യം വീണ്ടെടുക്കാൻ ശ്രമിച്ചു. അങ്ങനെ ഭയന്നുപോയ ഹൃദയങ്ങൾക്ക് സാന്ത്വനം ലഭിക്കണമായിരുന്നു. അതിനു വേണ്ടി ഖുറയ്ശി മൂപ്പന്മാർ ഉമയ്ർ ബിൻ വഹബിനെ അയച്ചു. ഇസ്‌ലാമിക സൈന്യത്തിന്റെ നാലു വശവും റോന്തുചുറ്റി അവരുടെ യഥാർഥ അംഗബലം മനസ്സിലാക്കാനും അവരുടെ പിറകിൽ രഹസ്യമായ വല്ല പോഷക സൈന്യവുമുണ്ടോ എന്നറിയാനുമായിരുന്നു അത്. അങ്ങനെ ഉമയ്ർ കുതിരപ്പുറത്തേറി മുസ്‌ലിമീങ്ങളുടെ ചുറ്റിലുമൊന്ന് കറങ്ങി വന്നു. എന്നാൽ, മുസ്‌ലിമീങ്ങളുടെ രൂപഭാവങ്ങൾ വളരെ പ്രതാപപൂർണവും നിശ്ചയദാർഢ്യമുള്ളതും മരണഭീതി ലവലേശമില്ലാത്തതുമായിരുന്നു. അക്കാരണത്താൽ അയാൾ ഭയപ്പെട്ടു മടങ്ങി വന്ന് ഖുറയ്ശികളെ അഭിസംബോധന ചെയ്തു പറഞ്ഞു: മറഞ്ഞിരിക്കുന്ന ഒരു പോഷക സൈന്യത്തെയോ അതുപോലെ വല്ലതിനെയോ എനിക്ക് കാണാൻ സാധിച്ചില്ലെങ്കിലും അല്ലയോ ഖുറയ്ശി സമൂഹമേ! ഞാൻ കണ്ടത് മുസ്‌ലിമീങ്ങളുടെ സൈന്യത്തിൽ ഒട്ടകപ്പുറങ്ങളിൽ മനുഷ്യരെയല്ല മറിച്ച് മരണങ്ങളെയാണ്. യഥ്രിബിലെ ഒട്ടകപ്പുറങ്ങളിൽ മഹാവിപത്തുകൾ സവാരി ചെയ്യുകയാണ്. ഖുറയ്ശികൾ ഇക്കാര്യം കേട്ടപ്പോൾ ആകെ പരിഭ്രാന്തരായി. അവരുടെ ഒത്താശക്കാരനായി വന്ന സുറാഖയും വെപ്രാളപ്പെട്ട് തിരിച്ചോടി. ജനങ്ങൾ അയാളെ തടയാൻ ശ്രമിച്ചപ്പോൾ അയാൾ പറഞ്ഞു: 'നിങ്ങൾക്കു കാണാൻ പറ്റാത്തതാണ് എനിക്ക് കാണാൻ സാധിക്കുന്നത്.'

ഹക്കീം ബിൻ ഹസ്സാം, ഉമയ്റിന്റെ അഭിപ്രായം കേട്ടപ്പോൾ അസ്വസ്ഥനായി ഉത്ബ ബിൻ റബീഅയുടെ അടുത്തുപോയി പറഞ്ഞു. അല്ലയോ ഉത്ബ താങ്കൾ മുഹമ്മദിൽനിന്ന് അംറ് ബിൻ ഹള്റമിയുടെ രക്തവിലയല്ലെ ആഗ്രഹിക്കുന്നുള്ളൂ? അയാൾ നിങ്ങളുടെ സഖ്യകക്ഷി ആയിരുന്നില്ലേ? അയാൾക്കുവേണ്ടി നിങ്ങൾ രക്തവില നൽകിയാൽ പോരെ. എന്നിട്ട് നിങ്ങൾ ഖുറയ്ശികളുമായി മടങ്ങി പ്പോകുക. അതിലാണ് നിങ്ങൾക്ക് എന്നെന്നേക്കുമുള്ള നന്മയുള്ളത്. ഉത്ബാ സ്വയം തന്നെ പേടിച്ചിരിക്കുകയായിരുന്നു. അതുകൊണ്ട് അയാൾ മറ്റൊന്നും ചിന്തിക്കാതെ തിടുക്കത്തിൽ പറഞ്ഞു: 'മതി മതി. അതുതന്നെയാണ് ശരി. ഞാൻ അക്കാര്യം അംഗീകരിക്കുന്നു.' എന്നിട്ട് ഹക്കീം പറഞ്ഞു: നോക്കൂ, എന്ത് പറഞ്ഞാലും മുസ്‌ലിമീങ്ങളും നമ്മുടെ കുടുബക്കാർ തന്നെയല്ലേ? സഹോദരങ്ങൾ പരസ്പരം വാളെടുക്കുകയും മകനും പിതാവും യുദ്ധം ചെയ്യുകയും ചെയ്യുന്നത് നല്ല കാര്യമാണോ? താങ്കൾ ഇപ്പോൾത്തന്നെ അബുൽഹിക്മിന്റെ അതായത് അബൂജഹലിന്റെ അടുത്തു പോകുക. എന്നിട്ട് ഈ അഭിപ്രായം സമർപ്പിക്കുക. ശേഷം ഉത്ബ സ്വയമേവ കുതിരപ്പുറത്തേറി ജനങ്ങൾക്ക് പറഞ്ഞു കൊടുക്കാൻ തുടങ്ങി. കുടുംബക്കാർ തമ്മിൽ യുദ്ധം ചെയ്യുന്നത് ശരിയല്ലെന്നും നമുക്ക് മടങ്ങി പോകുകയാണ് ഉത്തമമെന്നും മുഹമ്മദിനെ അവന്റെ പാട്ടിനു വിടണമെന്നും മറ്റു അറബ് ഗോത്രങ്ങളുമായി അവൻ ഏറ്റുമുട്ടട്ടെയെന്നും എന്നിട്ടെന്താണ് നടക്കുന്നതെന്ന് നോക്കാമെന്നും പറഞ്ഞു. തുടർന്ന് പറഞ്ഞു: നോക്കൂ മുസ്‌ലിമീങ്ങളോട് യുദ്ധം ചെയ്യുന്നത് അത്ര നിസ്സാര കാര്യമൊന്നുമല്ല. കാരണം നിങ്ങൾ എന്നെ ഭീരു എന്ന് പറഞ്ഞാലും കുഴപ്പമൊന്നുമില്ല. എന്നാൽ, ഞാൻ ഭീരു അല്ല താനും. ഇവർ ഇവരെ മരണത്തിന്റെ വിൽപനക്കാരായാണ് ഞാൻ കാണുന്നത്.

നബി(സ)തിരുമേനി ഉത്ബയെ ദൂരത്തുനിന്ന് കണ്ടപ്പോൾ കാഫിരീങ്ങളുടെ സൈന്യത്തിലാരെങ്കിലും മാന്യനായിട്ടുണ്ടെങ്കിൽ അത് ആ ചെമന്ന ഒട്ടകത്തിൽ സവാരി ചെയ്യുന്ന വ്യക്തിയാണെന്ന് പറഞ്ഞു. അവർ അദ്ദേഹം പറഞ്ഞതനുസരിച്ചിരുന്നെങ്കിൽ അവർക്ക് അത് ഗുണം ചെയ്തേനെ. എന്നാൽ, ഹക്കീം ബിൻ ഹസ്സാം അബൂജഹ്‌ലിനോട് ഈ അഭിപ്രായം പറഞ്ഞപ്പോൾ സമൂഹത്തിലെ ഫിർഔൻ ഇത്തരം നല്ല കാര്യങ്ങളെങ്ങനെ അംഗീകരിക്കാനാണ്? അയാൾ ഉടൻ തന്നെ പറഞ്ഞു: അതുശരി! ഇപ്പോൾ ഉത്ബ അയാളുടെ ബന്ധുക്കളെ പരിഗണിക്കാൻ തുടങ്ങിയോ? എന്നിട്ട് അംറ് ഹള്റമിയുടെ സഹോദരൻ ആമിർ ഹള്റമിയെ വിളിച്ചിട്ട് പറഞ്ഞു. നിങ്ങളുടെ സഖ്യ കക്ഷിയായ ഉത്ബ എന്താണ് പറയുന്നത് എന്നു കേട്ടുവോ? അതും നിന്റെ സഹോദരനോട് പകരം ചോദിക്കാനുള്ള അവസരം കൈഅകലത്തിൽ വന്ന സന്ദർഭത്തിൽ. ആമിറിന്റെ കണ്ണുകളിൽ രക്തം തിളച്ചു. അയാൾ അറബികളുടെ രീതിയനുസരിച്ച് തന്റെ വസ്ത്രം കീറി, നഗ്നനായി വാ അംറാഹു! വാ അംറാഹു എന്ന് അലറാൻ തുടങ്ങി. അതായത് അഹോ കഷ്ടം! എന്റെ സഹോദരന്റെ പ്രതികാരം നടക്കുകയില്ലേ? ഈ ഒറ്റപ്പെട്ട ശബ്ദം ഖുറയ്ശീ സൈന്യങ്ങളുടെ നെഞ്ചകങ്ങളിൽ ശത്രുതയുടെ തീനാളങ്ങൾ ജ്വലിപ്പിച്ചു. അങ്ങനെ യുദ്ധത്തിന്റെ തീകുണ്ഡം മുഴു ശക്തിയോടെ കത്തി ജ്വലിക്കാൻ തുടങ്ങി. അതിനുശേഷം യുദ്ധം തുടങ്ങി. അതിന്റെ ബാക്കിയുള്ള വിശദീകരണം ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.(തർജമ: അംനാസ് കടലായി)

---

(പേജ് 1ൽനിന്ന്)

രുന്ന അല്ലാഹുവിന്റെ റസൂൽ ഈ അബലയായ സ്ത്രീയെ എത്രമാത്രം ഭയന്നുവെന്നാൽ അല്ലാഹുവിന് അവിടെ മറയുണ്ടാക്കേണ്ടിവന്നുവത്രെ! ബുദ്ധിശൂന്യമായ ഇക്കാര്യത്തെ ബുദ്ധിമാന്മാരാരും അംഗീകരിക്കുകയില്ല. ഈ നിവേദനം സമർപിക്കുന്നവർ അല്ലാഹു ഈ ഹിജാബിനെ മസ്തൂർ (ഗോപ്യമായ മറ)എന്നാണ് പറഞ്ഞിരിക്കുന്നതെന്നതും ചിന്തിക്കുന്നില്ല. അതായത് ആ മറ കാണാൻ കഴിയുന്നതല്ല. എന്നാൽ, ഇക്കൂട്ടർ പർദ പ്രകടമാക്കി നബി(സ)തിരുമേനിയെ മസ്തൂർ എന്ന് പറയുന്നു.

(2) ഈ വാക്യത്തിന്റെ രണ്ടാമത്തെ അർഥം ഇങ്ങനേയുമാകാം, അതായത് ആ പർദയും മുമ്പിലുള്ള മറ്റൊരു പർദയുടെ പിന്നിലാണുള്ളത്. അതായത് ഒരു പർദതന്നെ നിന്റേയും അവരുടേയുമിടയിൽ ഉണ്ടാകുകയില്ല. പ്രത്യുത ഒരുപാട് പർദകൾ ഇടയ്ക്കുവന്ന് തടസമുണ്ടാക്കുന്നു. ചില പർദ ദേശീയാഭിമാനത്തിന്റേത്, ചിലത് ധനത്തിന്റേത്, ചിലത് സ്വഭാവത്തിന്റേത് തുടങ്ങി അങ്ങനെ പലതും. ചിലപ്പോൾ ആളുകൾ അതു വിശ്വസിക്കുകയാണെങ്കിൽ ജനതയെ ഉപേക്ഷിക്കേണ്ടിവരുമെന്ന് ധരിച്ചുകൊണ്ട് വിശ്വസിക്കുന്നില്ല. ചിലപ്പോൾ ആളുകൾ ധനം പൊയ്പ്പോകുമെന്നുള്ളതുകൊണ്ട് വിശ്വസിക്കുന്നില്ല. ചിലപ്പോൾ ആളുകൾ തങ്ങൾ കൂടെക്കൊണ്ടുനടക്കുന്ന പല സ്വഭാവങ്ങളും കൈവെടിയേണ്ടിവരുമെന്നോർത്ത് വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത് ഈ പർദകളെ ഇക്കൂട്ടർ മാറ്റാത്തിടത്തോളംകാലം നിന്റെയടുത്തുവരെ അവർക്കെത്താൻ കഴിയുകയില്ലെന്നാണ്. എന്നാൽ, മുസ്വീബത്ത് പറയുന്നത് ആ പർദ അവർക്ക് അങ്ങനെ കാണാൻ കഴിയുന്നില്ലെന്നതാണ്. അവരുടെ ദൃഷ്ടിയിൽനിന്ന് അത് മറഞ്ഞിരിക്കുകയാണ്. അവർ വിചാരിക്കുന്നത് വിശുദ്ധ ഖുർആൻതന്നെ ചീത്തക്കാര്യമാണെന്നാണ്. അത് നല്ല കാര്യമായിരുന്നെങ്കിൽ പെട്ടെന്നുതന്നെ നമ്മുടെ മനസ്സുകളിൽ അതിന്റെ സ്വീകാരത്തിന്റെ സ്വാധീനമുണ്ടാകുമായിരുന്നുവെന്നാണ്. ചുരുക്കത്തിൽ അവരുടെ മനസ്സുകളിൽ എങ്ങനെയുള്ള തുരുമ്പാണ് പിടിച്ചിരിക്കുന്നതെന്നാൽ, ചീത്തക്കാര്യം നല്ലതായും നല്ല കാര്യം ചീത്തയായും തോന്നുന്നു. അതുകൊണ്ട് ഈമാൻ കിട്ടുക എന്നത് പ്രയാസമായിത്തീരുന്നു. ഈ അർഥങ്ങളുടെ സാക്ഷ്യം അടുത്ത ആയത്തായ വജ്അൽനാ അലാ ഖുലൂബിഹിം അക്കിന്നത്തുൻ എന്നതിലുണ്ടാകുന്നു. അതായത് അവരുടെ മനസ്സുകളിൽ ഒരു പർദയല്ല, നിരവധി പർദയാണുള്ളത്(തഫ്സീറെ കബീർ, വാല്യം 4, പേജ് 344, പ്രസാധനം 2010 ഖാദിയാൻ)

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

# ഖുത്ബ ജുമുഅ

സ യുഹ്സമുൽ ജംഉ വയുവല്ലൂനദ്ദുബ്റ ബലിസ്സാഅത്തു മൗയിദുഹും വസ്സാഅത്തു അദ്ഹാ വ അമർറു (54:46-47)
സൈന്യസമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും;അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. ഈയൊരു നിമിഷത്തേയാണ് ഭയപ്പെടുത്തിക്കൊണ്ടിരുന്നത്. ഈ നിമിഷം നല്ലവണ്ണം ദുഷകരവും അങ്ങേയറ്റം കയ്പേറിയതുമായിരുന്നു.

എല്ലാ സമുദായത്തിനും ഒരു ഫിർഔനുണ്ടാകും. ഈ ഉമ്മത്തിലെ ഫിർഔൻ അബൂജഹ്‌ലാകുന്നു. അല്ലാഹു അയാളെ ക്രൂരമായി വധിച്ചിരിക്കുന്നു. അഫ്രായുടെ ആൺകുട്ടികളും മലക്കുകളും അയാളെ വധിച്ചിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)അയാളുടെ കഥ കഴിച്ചിരിക്കുന്നു.

ബദ്ർ യുദ്ധത്തിൽ സംഭവിച്ച അവസ്ഥകളും ബദ്റിലെ ശുഹാദാവിനെ കുറിച്ചുള്ള ചർച്ചയും. ഇപ്രകാരം തന്നെ ഹദീഥ് ഗ്രന്ഥങ്ങളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുലഫാഇന്റെ മാർഗദർശനങ്ങളുടേയും വെളിച്ചത്തിൽ ബദ്റിന്റെ അവസരത്തിൽ മലക്കുകൾ ഇറങ്ങിയതിനെ സംബന്ധിച്ച് ലഭ്യമായിട്ടുള്ള കാര്യങ്ങൾ

ഫലസ്തീനിലെ പീഢിതരായ മുസ്‌ലിമീങ്ങൾക്കും മുസ്‌ലിം ഉമ്മത്തിനും പാക്കിസ്താനിലെ അഹ്മദികൾക്കും മറ്റു സുപ്രധാന കാര്യങ്ങൾക്കുംവേണ്ടി ദുആ ചെയ്യാൻ അഭ്യർഥന.

**ഖുത്ബ ജുമുഅ 2023 ജൂലായ് 07/1402 വഫ 07**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

കഴിഞ്ഞ ഖുത്ബയിൽ മക്കയിലെ അവിശ്വാസികൾ മുസ്‌ലിമീങ്ങളെക്കണ്ട് ഭയന്നതിനെക്കുറിച്ച് പറയുകയുണ്ടായി. അബൂജഹ്‌ലും ഉത്ബയും തമ്മിൽ യുദ്ധകാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ടായതും പറഞ്ഞിരുന്നു. തുടർന്ന് അബൂജഹ്‌ലിന്റെ പരിഹാസം കേട്ടശേഷം ഉത്ബ യുദ്ധ പ്രഖ്യാപനം നടത്തുകയുമുണ്ടായി. അങ്ങനെ കൃത്യമായ യുദ്ധത്തിന് തുടക്കം കുറിച്ചു. അതിനെക്കുറിച്ചുള്ള വിശദീകരണത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. ഉത്ബ ബിൻ റബീഅ തന്റെ സഹോദരനായ ശെയ്ബ ബിൻ റബീഅയുടെയും അതുപോലെ തന്റെ മകനായ വലീദ് ബിൻ ഉത്ബയുടെയും ഇടയിൽ സഞ്ചരിച്ചുകൊണ്ട് അണികൾ ഭേദിച്ച് മുൻകടക്കുകയും യുദ്ധത്തിന് വെല്ലുവിളി നടത്തുകയും ചെയ്തു.(അസ്സീറത്തുന്നബ്‌വിയ്യ, ലിഇബ്നി ഹിശാം, പേജ് 426, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് അലി(റ)നിവേദനം. ഉത്ബ ബിൻ റബീഅ മുന്നോട്ടു വന്നു. തൊട്ടു പിന്നാലെ അയാളുടെ മകനും സഹോദരനും വന്നു. ആരുണ്ടെന്നോട് പോരാടാനെന്ന് അയാൾ ഉറക്കെ വിളിച്ചു ചോദിച്ചു. അപ്പോൾ കുറച്ച് അൻസ്വാർ യുവാക്കൾ അയാൾക്ക് മറുപടി നൽകി. അയാൾ ചോദിച്ചു: നിങ്ങളൊക്കെ ആരാണ്? അതായത് ഉത്ബ അൻസ്വാറിനോടു ചോദിച്ചു, നിങ്ങളൊക്കെയാരാണ്? തങ്ങളാരാണെന്നു അവർ പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു: നിങ്ങളുമായി ഞങ്ങൾക്ക് ഒരു ബന്ധവുമില്ല. ഉത്ബ അവരോട് പറഞ്ഞു: ഞങ്ങൾ ഞങ്ങളുടെ പിതൃവ്യപുത്രന്മാരോടു യുദ്ധം ചെയ്യാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. മക്കക്കാരായ ഖുറയ്ശികളോടാണ് ഞങ്ങൾ യുദ്ധം ചെയ്യുക. അൻസ്വാറിനോടല്ല. തുടർന്ന് ഉറക്കെ വിളിച്ചു പറഞ്ഞു: 'ഏ! മുഹമ്മദ്(സ)ഞങ്ങളോടു പൊരുതാൻ ഞങ്ങളുടെ കുടുംബത്തിൽപ്പെട്ട ഞങ്ങൾക്കു സമന്മാരായ ആരെയെങ്കിലും അയക്കുക.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ ഹംസേ! എഴുന്നേൽക്കുവിൻ! അല്ലയോ അലി! എഴുന്നേൽക്കുവിൻ! അല്ലയോ ഉബയ്ദ ബിൻ ഹാരിഥേ! എഴുന്നേൽക്കുവിൻ!' ഹദ്റത്ത് ഹംസ അദ്ദേഹത്തിന്റെ പിതൃവ്യനായിരുന്നു. അലിയും ഉബയ്ദയും ഇരുവരും നബി(സ)തിരുമേനിയുടെ പിതൃവ്യപുത്രന്മാരായിരുന്നു. ഹംസത്ത് ഉത്ബയുടെ അടുത്തേക്ക് മുന്നേറി. ഹദ്റത്ത് അലി പറയുന്നു: ഞാൻ ശെയ്ബയുടെ അടുത്തേക്ക് മുന്നേറി. ഉബയ്ദയും വലീദും പരസ്പരം ശക്തമായ രണ്ടു പ്രഹരങ്ങൾ ഏല്പിച്ചു. അവരിലൊരാൾ മറ്റൊരാളെ പരിക്കേൽപ്പിക്കുകയും ക്ഷീണിതനാക്കുകയും ചെയ്തു. തുടർന്ന് ഞങ്ങൾ വലീദിലേക്ക് ശ്രദ്ധതിരിച്ചു. അയാളെ വധിച്ചു. ഉബയ്ദയെ ഞങ്ങളെടുത്തുകൊണ്ടുവന്നു.(സുനൻ അബീദാവൂദ്, കിതാബുൽ ജിഹാദ്, ബാബു ഫിൽമബാറസത്തി ഹദീഥ് നമ്പർ 2665)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 2, പേജ് 48, മക്തബ ദാറുസ്സലാം രിയാള് ഹിജ്റ 1433)

അവരിരുവരും ഹദ്റത്ത് ഹംസയും ഹദ്റത്ത് അലിയും തങ്ങളുടെ ശത്രുക്കളെ വധിച്ചു. ഹദ്റത്ത് ഹംസയും ഹദ്റത്ത് അലിയും തങ്ങളുടെ കൂട്ടുകാരനായ ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിനെ സ്വന്തം സൈന്യത്തിലേക്ക് എടുത്തു കൊണ്ടുവന്നു. അദ്ദേഹത്തിന്റെ കാല് ഛേദിക്കപ്പെട്ടിരുന്നു. അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹം നബി(സ)തിരുമേനിയോടു ചോദിച്ചു, 'ഞാൻ ശഹീദല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'തീർച്ചയായും താങ്കൾ ശഹീദാകുന്നു.' ഹദ്റത്ത് ഉബയ്ദ, നബി(സ)തിരുമേനിയുടെ പിതൃവ്യസഹോദരനായിരുന്നു. അദ്ദേഹം ആ പരിക്കുകകളിൽനിന്ന് രക്ഷപ്പെടാതെ ബദ്റിൽനിന്ന് തിരിച്ചുള്ള യാത്രയിൽ വഴിമധ്യേ വഫാത്തായി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ. പേജ് 360)


ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിനെകുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു:അദ്ദേഹത്തിന്റെ കാലുകൾ വാളുകൾകൊണ്ട് ഛേദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കൂട്ടുകാർ അദ്ദേഹത്തെ തിരികെക്കൊണ്ടു വന്നു. അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ അടുത്തുകൊണ്ടുവന്നപ്പോൾ ആ മഹാത്മാവിന്റെ അടുത്ത് അദ്ദേഹത്തെ കിടത്തി. നബി(സ)തിരുമേനി തന്റെ തൃപ്പാദങ്ങൾ അദ്ദേഹത്തിന്റെ താഴ്‌വശത്തായി വെച്ചു. അതായത് അദ്ദേഹത്തിന്റെ കാലിനു താഴെയായി വെച്ചു. അപ്പോൾ ഉബയ്ദ വളരെ സ്നേഹപൂർവ്വം അദ്ദേഹത്തെ നോക്കിക്കൊണ്ട് പറഞ്ഞു: അല്ലയോ! അല്ലാഹുവിന്റെ റസൂലേ! ഇന്ന് അബൂത്വാലിബ് ജീവിച്ചിരിപ്പുണ്ടെങ്കിൽ മനസ്സിലാക്കിയേനെ, അദ്ദേഹത്തിന്റെ വചനങ്ങൾക്ക് യഥാർഥ അവകാശി ഞാനാണെന്ന്! തുടർന്ന് ഹദ്റത്ത് അബൂ ത്വാലിബിന്റെ കവിതാ ശകലം ചൊല്ലുകയുണ്ടായി. അതിന്റെ അർഥം ഇപ്രകാരമാണ്. ബയ്ത്തുല്ലാഹ് അതായത് കഅ്ബയെതൊട്ട് സത്യം! മുഹമ്മദ്(സ)എല്ലാവരാലും ഉപേക്ഷിക്കപ്പെടുമെന്ന് പറഞ്ഞത് കളവാകുന്നു. നോക്കൂ! ഇപ്പോൾ ഞങ്ങൾ അദ്ദേഹത്തെ പ്രതിരോധിക്കാനായി വാളോ അമ്പോ ഒന്നുംതന്നെ പ്രയോഗിച്ചിട്ടുപോലുമില്ല.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

അതായത് യുദ്ധം ഒന്നും ചെയ്തിട്ടുതന്നെയില്ല. ഞങ്ങൾ അദ്ദേഹത്തെ നിങ്ങൾക്കു വിട്ടുതരുമെന്ന് നിങ്ങൾ പറഞ്ഞതു കളവാകുന്നു. എന്നാൽ, ഞങ്ങളുടെ ശവങ്ങൾ അദ്ദേഹത്തിന് ചുറ്റിലും വീണുകിടക്കുന്നതുവരെ, ഞങ്ങൾ ഞങ്ങളുടെ ആൺമക്കളെയും പെൺമക്കളെയുമെല്ലാം മറന്നു പോകുന്നതുവരെ അത് സംഭവിക്കുകയില്ല തന്നെ! അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'താങ്കൾ ശഹീദാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു.'ആ സമയത്ത് അബൂ ജഹ്ൽ ഒരു ദുആ ചെയ്തിരുന്നു. അതെക്കുറിച്ച് ഇപ്രകാരം വിവരിക്കപ്പെടുന്നു; രണ്ടു സൈന്യങ്ങളും പരസ്പരം കൊമ്പുകോർത്ത സമയത്ത്, അതായത്, ഘോര യുദ്ധം അരങ്ങേറിയപ്പോൾ അബൂജഹ്ൽ ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ! ഞങ്ങളിലരാണോ ചാർച്ചയെഛേദിക്കുന്നത്, അതുപോലെതന്നെ ഞങ്ങൾ ഇതിനു മുമ്പേ ഒരിക്കലും കേൾക്കാത്ത കാര്യങ്ങൾ പറയുന്നത്, അയാളെ ഇന്ന് നീ നശിപ്പിച്ചാലും.'

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതേക്കുറിച്ച് ഇപ്രകാരമെഴുതുന്നു: 'ബദ്ർ യുദ്ധവേളയിൽ ഒരു വ്യക്തി അംറ് ബിൻ ഹിശാം എന്ന പേരിലുണ്ടായിരുന്നു. പിൽക്കാലത്ത് അയാൾ അബൂജഹ്ൽ എന്ന പേരിൽ അറിയപ്പെട്ടു. അയാൾ ഖുറയ്ശികളുടെ പ്രമാണിയും ഗോത്ര മൂപ്പനുമായിരുന്നു. അയാൾ ഇപ്രകാരം ദുആ ചെയ്തു: അല്ലാഹുമ്മ മൻ കാന മിന്നാ അഫ്സദ ഫിൽ ഖൗമി വ അഖ്ത്വഅ ലിർറഹ്മി ഫ അഹിൻഹുൽയൗമ അതായത് ഞങ്ങളിരുവരിൽ, - അയാൾ ഉദ്ദേശിച്ചത് തന്നെയും നബി(സ)തിരുമേനിയേയുമാണ് - ആരാണോ നിന്റെ ദൃഷ്ടിയിൽ കുഴപ്പക്കാരനായിട്ടുള്ളത് ആരാണോ സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്നത് ആരാണോ പരസ്പര ബന്ധങ്ങളെയും സാമുദായിക കടമകളെയും വിച്ഛേദിക്കുന്നത് ബന്ധം മുറിക്കുന്നത് അയാളെ നീ ഇന്ന് നശിപ്പിച്ചാലും. ഈ വാക്കുകൾകൊണ്ട് അബൂജഹ്ൽ ഉദ്ദേശിച്ചിരുന്നത് നഊദു ബില്ലാഹ് നബി(സ)തിരുമേനി ഒരു കുഴപ്പക്കാരനും സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കി അന്യായമായി ഖുറയ്ശികളുടെ മതത്തിൽ പിളർപ്പുണ്ടാക്കുന്നവനും അതുപോലെ എല്ലാ അവകാശങ്ങളും ധ്വംസിക്കുന്നവനും രക്തബന്ധം വിച്ഛേദിക്കുന്നവനുമാണെന്നാണ്. ഇവിടെ മനസ്സിലാകുന്നത് അബൂജഹ്ൽ അടിയുറച്ചു വിശ്വസിച്ചിരുന്നത് നഊദു ബില്ലാഹ് നബി(സ)തിരുമേനിയുടെ ജീവിതം പവിത്രവും പരിപാവനവും ആയിരുന്നില്ലെന്നാണ്. അതുകൊണ്ടാണ് അയാൾ മനോവേദനയോടെ ദുആ ചെയ്തത്. എന്നാൽ, ആ ദുആക്കുശേഷം അയാൾ ഒരു മണിക്കൂർപോലും ജീവിച്ചിരുന്നില്ല. ദൈവകോപത്താൽ അവിടെവെച്ചുതന്നെ അയാളുടെ തല വെട്ടി എറിയപ്പെട്ടു. ആരുടെ പരിശുദ്ധ ജീവിതത്തെയാണോ അയാൾ ആരോപണവിധേയമാക്കിയത് ആ വ്യക്തി ആ യുദ്ധ രംഗത്ത് നിന്ന് വിജയിച്ചും ദൈവ സഹായം നേടിയും മടങ്ങിപ്പോയി.'(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ, വാള്യം 23, പേജ് 174 - 175)

യുദ്ധത്തിന്റെ അവസ്ഥയെ കുറിച്ച് ഒരിടത്ത് ഇപ്രകാരം ചിത്രീകരിച്ചിരിക്കുന്നു. 'യുദ്ധ ഭൂമിയിൽ കൊള്ളും കൊലയും ചൂടുപിടിച്ച് നടമാടുന്നുണ്ടായിരുന്നു. മുസ്‌ലിമീങ്ങളുടെ മുമ്പിൽ അവരെക്കാൾ മൂന്നു മടങ്ങ് വലിയ സംഘമാണുണ്ടായിരുന്നത്. അവർ എല്ലാത്തരം യുദ്ധസാമഗ്രികളാലും വിഭൂഷിതരായിരുന്നു. അവരിന്ന് തങ്ങൾ ഇസ്‌ലാമിന്റെ പേരും അടയാളവുംപോലും ഭൂമിയിൽനിന്ന് തുടച്ചു നീക്കുമെന്ന് വിശ്വസിച്ചായിരുന്നു മൈതാനത്തിലിറങ്ങിയത്. പാവം മുസ്‌ലിമീങ്ങളാണെങ്കിൽ തുലോം കുറവായിരുന്നു,. സാധനങ്ങളും അവരുടെ പക്കൽ നന്നേ കുറവായിരുന്നു. ദാരിദ്ര്യത്തിന്റെയും നാടുകടത്തലിന്റെയും ആഘാതമേറ്റ് തളർന്ന അവർ ബാഹ്യ ഉപാധികളുടെ കാര്യത്തിൽ മക്കാ വാസികളുടെ മുമ്പാകെ ഏതാനും നിമിഷംകൊണ്ട് മുട്ടുകുത്തുന്നവരായിരുന്നു. എന്നാൽ, തൗഹീദിന്റെയും രിസാലത്തിന്റെയും അതായത് അല്ലാഹുവിന്റെയും റസൂലിന്റെയും സ്നേഹം അവരെ ഉന്മാദികളാക്കിത്തീർത്തിരുന്നു. ഭൂമുഖത്ത് മറ്റെന്തിനേക്കാളും ശക്തമായ ജീവൽ വിശ്വാസം അവരുടെയുള്ളിൽ ഒരു അനിതരസാധാരണമായ ശക്തി നിറച്ചിരുന്നു. അവർ ആ സമയത്ത് ദീനീ സേവനത്തിന്റെ പുതിയതും മുമ്പെവിടെയും കാണപ്പെടാത്തതുമായ ഒരു മാതൃക ആ യുദ്ധമൈതാനത്ത് കാണിക്കുന്നുണ്ടായിരുന്നു. ഓരോരുത്തരും മറ്റുള്ളവരെ മുൻകടക്കുന്നുണ്ടായിരുന്നു. ദൈവമാർഗത്തിൽ ജീവൻ അർപിക്കാനായി അസ്വസ്ഥരാകുന്നുണ്ടായിരുന്നു. ഹംസയും അലിയും സുബയ്റും ശത്രുക്കളുടെ അണികൾ ഭേദിച്ച് തുണ്ടം തുണ്ടമാക്കിയിരുന്നു.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ) സാഹിബ് എം.എ. പേജ് 362)

മുസ്‌ലിമീങ്ങളിലെ ആദ്യത്തെ ശഹീദിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ സ്വാതന്ത്രനാക്കപ്പെട്ട അടിമ ഹദ്റത്ത് മിഹ്ജഅ് ഒരു അമ്പേറ്റ് ശഹീദായിരുന്നു. മുസ്‌ലിമീങ്ങളിൽ ശഹാദത്ത് വരിച്ച ആദ്യവ്യക്തി അദ്ദേഹമായിരുന്നു. അതെതുടർന്ന് ബനീ അദിയ്യ് ബിൻ നജ്ജാറിലെ ഒരു വ്യക്തി ഹദ്റത്ത് ഹാരിഥ ബിൻ സുറാഖ ശഹാദത്ത് വരിച്ചു. അദ്ദേഹം വെള്ളക്കെട്ടിൽനിന്ന് വെള്ളം കുടിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നേർക്ക് ആരോ ഒരമ്പെയ്തു. അത് അദ്ദേഹത്തിന്റെ കഴുത്തിൽ തുളച്ചുകയറി. അപ്രകാരം അദ്ദേഹം ശഹാദത്തിന്റെ ദർജ വരിക്കുകയുണ്ടായി.(സീറത്ത് ഇബ്നു ഹിശാം, പേജ് 428, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001) ഹദ്റത്ത് അനസ്(റ)ൽ നിന്നു നിവേദനം. ഹാരിഥ ബിൻ സുറാഖ ബിൻ ഹാരിഥ്(റ)ബദ്ർ യുദ്ധത്തിൽ ശഹീദായി. അപ്പോൾ അദ്ദേഹം യുവാവായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് റബീഅ ബിൻത് നള്ർ ഹദ്റത്ത് അനസിന്റെ പിതൃസഹോദരി, നബി(സ)തിരുമേനിയുടെ അടുത്തു വന്നിരുന്നു. അവർ ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങയ്ക്കറിയാം ഹാരിഥ(റ)യ്ക്ക് എന്റെ പക്കലെന്ത് സ്ഥാനമായിരുന്നു ഉണ്ടായിരുന്നതെന്ന്. അതിനാൽ അദ്ദേഹം സ്വർഗത്തിലാണെങ്കിൽ ഞാൻ ക്ഷമ കൈക്കൊള്ളുന്നതാണ്. പ്രതിഫലം കാംക്ഷിക്കുന്നതാണ്. ഇനി വേറെയെന്തെങ്കിലുമാണുള്ളതെങ്കിൽ ഞാനെന്തൊക്കെ ചെയ്യുമെന്ന് അങ്ങ് കാണുന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു. അഹോ കഷ്ടം! നിനക്ക് ഭ്രാന്ത് പിടിച്ചോ? സ്വർഗം ഒന്ന് മാത്രമേ ഉള്ളു എന്ന് നീ കരുതിയോ. നബി(സ)തിരുമേനി പറഞ്ഞു: 'സ്വർഗങ്ങൾ ഒരുപാടുണ്ട്. നിന്റെ മകൻ ജന്നത്തുൽ ഫിർദൗസിലാണുള്ളത്.'(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് 3982)(ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 387, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)

ഈ യുദ്ധത്തിൽ സ്വഹാബാക്കൾ പ്രദർശിപ്പിച്ച യുദ്ധ വീര്യം സംബന്ധിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു; ആരാണോ ഇന്ന് ക്ഷമയോടെ പ്രതിഫലം കാംക്ഷിച്ച് യുദ്ധം ചെയ്യുന്നത്, അതുപോലെതന്നെ ആരാണോ പിന്തിരിഞ്ഞോടാത്തത് അയാളെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ഇതുകേട്ട് ബനീ സൽമാക്കാരനായ ഉമയ്ർ ബിൻ ഹുമാം പറഞ്ഞു: അവരുടെ കൈയിൽ ആ സമയത്തുണ്ടായിരുന്ന കുറച്ച് ഈത്തപ്പഴങ്ങൾ അവർ തിന്നുകയായിരുന്നു. ഈ വാക്കുകൾ കേട്ടപ്പോൾ അവർ പറഞ്ഞു: 'വാഹ്!വാഹ്! എന്റെയും സ്വർഗത്തിന്റെയുമിടയിൽ ഇവർ എന്നെ വധിക്കുന്ന കാലതാമസമേയുള്ളു.'പിന്നീട് തന്റെ വാളെടുത്ത് എത്ര വീര്യത്തോടെ യുദ്ധം ചെയ്തെന്നാൽ അദ്ദേഹം ശഹീദായി.

അഫ്റാഅന്റെ മകനായ ഔഫ് ബിൻ ഹാരിഥ് നബി(സ)തിരുമേനിയോട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! അല്ലാഹു തന്റെ ദാസന്റെ ഏതു കാര്യത്തിലാണ് സന്തുഷ്ടനാകുന്നത്? അവിടന്ന് പറഞ്ഞു, ശത്രുവിനെ പടച്ചട്ടയും മറ്റു യുദ്ധവസ്ത്രങ്ങളുമൊന്നും ധരിക്കാതെ വധിക്കുന്നതിൽ. അപ്പോൾ അദ്ദേഹം തന്റെ പടച്ചട്ട അഴിച്ചു വലിച്ചെറിഞ്ഞു. എന്നിട്ട് ഒരുപാട് അവിശ്വാസികളെ വധിക്കുകയും സ്വയം ശഹീദാകുകയും ചെയ്തു.(സീറത്ത് ഇബ്നു ഹിശാം, പേജ് 428, പ്രസാധനം ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)

അബൂ ജഹ്ലിന്റെ വധത്തെ കുറിച്ച് ബുഖാരിയിലുള്ള നിവേദനമനുസരിച്ച് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് വിവരിക്കുന്നു: ബദ്ർ യുദ്ധ ദിവസം ഞാൻ അണിയിലുണ്ടായിരുന്നു, ഞാൻ മുഖം തിരിച്ചപ്പോൾ കണ്ടത് എന്റെ ഇടത്തും വലത്തുമായി യുവത്വത്തിലേക്ക് കടക്കുന്ന രണ്ട് ആൺകുട്ടികൾ നിൽക്കുന്നതായാണ്. അവരുടെ സാന്നിധ്യത്തിൽ ഞാൻ എന്നെ സുരക്ഷിതനായി കണ്ടില്ല. ആ വേളയിൽ അവരിലൊരുവൻ എന്നോട് മറ്റവൻ കേൾക്കാത്തവണ്ണം പതിയെ ചോദിച്ചു: 'പിതൃവ്യാ! എനിക്ക് അബൂജഹ്ലിനെ ഒന്നുകാണിച്ചുതന്നാലും.'അപ്പോൾ ഞാൻ പറഞ്ഞു: 'എന്റെ സഹോദര പുത്രാ! നീ അവനെ എന്തു ചെയ്യാനാണ്?' അവൻ പറഞ്ഞു: 'ഞാനവനെ കണ്ടുമുട്ടിയാൽ ഒന്നുകിൽ അവനെ വധിക്കും അല്ലെങ്കിൽ അവന്റെ മുമ്പിൽ വധിക്കപ്പെടുന്നതാണെന്ന് അല്ലാഹുവിനോട് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്.' ശേഷം അടുത്ത ബാലനും തന്റെ കൂട്ടുകാരൻ കേൾക്കാത്തവണ്ണം എന്നോട് പതിയെ അതുതന്നെ ചോദിച്ചു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു, ഞാൻ അവർക്കുപകരം രണ്ടു പുരുഷന്മാർക്കിടയിലായിരുന്നെങ്കിൽ അതിലും വലിയ സന്തോഷം എനിക്ക് മറ്റൊന്ന് ഉണ്ടാകുമായിരുന്നില്ല. അവരുടെ ആ വികാരാവേശം കണ്ടിട്ടും അദ്ദേഹത്തിന് തൃപ്തിയായില്ല, എന്നിട്ടും അദ്ദേഹം ആഗ്രഹിച്ചത് തന്റെ ഇടത്തും വലത്തുമായി രണ്ടു ശക്തരായ പുരുഷന്മാർ ഉണ്ടാകണമെന്നായിരുന്നു. പറയുന്നു: ഞാൻ അബൂജഹ്ലിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരിരുവരോടും അതാണ് അബൂജഹ്ലെന്ന് പറഞ്ഞു. ഇതുകേട്ടതും രണ്ടുപേരും പരുന്തുകൾപോലെ അവനെ റാഞ്ചുകയും അവിടെ വെച്ച് വധിക്കുകയും ചെയ്തു. അവർ രണ്ടുപേരും അഫ്റായുടെ മക്കളായ മആദും മുഅവ്വദുമായിരുന്നു.(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ഹദീഥ് 3988)(ഉംദത്തുൽഖാരി, വാള്യം 17, പേജ് 132, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)

ഹദ്റത്ത് മുആദ്(റ)പറയുന്നു: 'അബുൽഹികമിനെ തൊടാൻ ആർക്കും കഴിയില്ലെന്ന് ആളുകൾ സംസാരിക്കുന്നത് ഞാൻ കേട്ടിരുന്നു. അപ്പോൾത്തന്നെ ഞാൻ അവനെ ആക്രമിക്കുമെന്ന് നിശ്ചയിച്ചിരുന്നു. ഞാൻ അവനെ കടന്നാക്രമിക്കുകയും വാളിന്റെ ഒരു വെട്ടുകൊണ്ട് അവന്റെ കാലിന്റെ തുടവരെ ഛേദിക്കുകയുമുണ്ടായി. അവന്റെ മകൻ ഇക്രിമ എന്റെ തോളിൽ വെട്ടുകയും എന്റെ കൈ അറ്റുപോകുകയും ചെയ്തു. അത് എന്റെ തോളിൽ തോലിൽ തൂങ്ങി നിൽക്കുകയായിരുന്നു. പകൽ മുഴുവൻ അതേസ്ഥിതിയിൽ ഞാൻ യുദ്ധം തുടർന്നു, എന്നാൽ, അത് ഒരുപാട് പ്രയാസം ഉണ്ടാക്കിയപ്പോൾ ഞാൻ അതിന്മേൽ കാലുവച്ച് അത് ശരീരത്തിൽനിന്ന് വേർപെടുത്തി.'(താരീഖ് ത്വബരി, വാള്യം 2, പേജ് 36, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്2012)

യുദ്ധത്തിന്റെ അവസാനത്തിൽ നബി(സ)തിരുമേനി മൃതദേഹങ്ങൾക്കിടയിൽ അബൂജഹ്ലിനെ തിരഞ്ഞുകൊണ്ടിരുന്നു. എന്നാൽ, അയാളെ എവിടെയും കാണാനായില്ല. അപ്പോൾ ഇങ്ങനെ ദുആ ചെയ്തു: 'അല്ലാഹുമ്മ ലാ തുഅ്ജിസ്നീ ഫിർഔന ഹാദിഹിൽ ഉമ്മ. അല്ലാഹുവേ! നീ എന്നെ ഈ ഉമ്മത്തിലെ ഫിർഔനെതിരെ പരാജിതനാക്കരുതേ.' അതായത് അയാൾ എങ്ങനെയും രക്ഷപ്പെട്ടുകൂടാ. ശേഷം ആളുകൾ അയാളെ തിരയാൻ തുടങ്ങി. അവസാനം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളെ കണ്ടെത്തി.(അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്റു മഗാസിയ(സ), വാള്യം 2, പേജ്236, ദാറുൽകുതുബുൽ ഇൽമിയ്യ 2002)

ഒരു നിവേദനത്തിലുണ്ട്, നബി(സ)തിരുമേനി ഇങ്ങനെയും ദുആ ചെയ്തിരുന്നു. 'അല്ലാഹുവേ! അവൻ നിന്റെ പിടിയിൽനിന്ന് രക്ഷപ്പെട്ടു പോകരുതേ.' നബി(സ)തിരുമേനി അബൂജഹ്ലിന്റെ മൃതദേഹം തിരയാൻ കൽപിച്ചപ്പോൾ അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)മൃതദേഹങ്ങൾക്കിടയിൽ തിരച്ചിൽ നടത്തി അയാളുടെ അടുത്തെത്തി. നബി(സ)തിരുമേനി ഇപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു, നിങ്ങൾക്ക് അയാളെ തിരിച്ചറിയാൻ ആകുന്നില്ലെങ്കിൽ ഒരു അടയാളം പരിശോധിക്കുക. അയാളുടെ കാൽമുട്ടിനുമേൽ ഒരു മുറിവുണ്ട്. ഞാൻ അബൂജഹ്ലുമായി ഒരിക്കൽ അബ്ദുല്ലാഹ് ബിൻ ജുദ്ആനിന്റെ അടുക്കൽ ഒരു സൽക്കാരത്തിൽ പങ്കെടുത്തിരുന്നു. ഞാൻ അവനെ ശക്തിയോടെ ഉന്തി. അപ്പോൾ അയാൾ മുട്ടുംകുത്തി വീണു. അങ്ങനെ അയാളുടെ മുട്ടിന് പരിക്കേറ്റു. അതി

ന്റെ അടയാളം ഇപ്പോഴും അയാളുടെ കാൽമുട്ടിലുണ്ട്. ഇബ്നു മസ്ഊദ്(റ) പറയുന്നു: ആ ഒരടയാളം വെച്ചാണ് ഞാൻ അയാളെ തിരിച്ചറിഞ്ഞത്. അപ്പോഴും അയാളുടെ ഉള്ളിൽ ജീവന്റെ തുടിപ്പ് ബാക്കിയുണ്ടായിരുന്നു. ഞാൻ അയാളുടെ കഴുത്തിൽ കാലുവെച്ചു. കാരണം അയാൾ മക്കയിൽ എന്നെ ഒരുപാട് പ്രയാസപ്പെടുത്തിയിരുന്നു. എന്നിട്ട് ഞാൻ പറഞ്ഞു: ഹേ! ദൈവത്തിന്റെ ശത്രു!ദൈവം നിന്നെ എങ്ങനെയാണ് നിന്ദ്യനാക്കിയതെന്ന് നീ കണ്ടില്ലേ. അപ്പോൾ അയാൾ ചോദിച്ചു: എന്നെ എങ്ങനെയാണ് നീ നിന്ദ്യനാക്കിയത്? നീ ഒരാളെ കൊന്നിട്ടു! അത്രയല്ലേയുള്ളു. പിന്നെന്തുണ്ടായി? നീ ഇതുവരെ എന്നെക്കാൾ കൂടുതൽ ആദരണീയനും സ്ഥാനമഹാത്മ്യവുമുള്ള ആരെയെങ്കിലും വധിച്ചിട്ടുണ്ടോ? ശരി. ആരാണ് ജയിച്ചതെന്ന് പറയൂ? ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)പറയുന്നു: അബൂജഹ്ൽ എന്നോട് തന്റെ അന്ത്യമടുത്ത നേരത്ത് അവന്റെ കഴുത്തിൽ ഞാൻ ചവിട്ടിനിൽക്കവെ ഇപ്രകാരം പറഞ്ഞു: ഹേ!ആടിനെ മേയ്ക്കുന്നവനേ! നീചനായ ആട്ടിടയാ! നീ ചവിട്ടി നിൽക്കുന്നത് നീയൊരിക്കലും കയറിനിൽക്കാൻപാടില്ലാത്ത സ്ഥലത്താണ്. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)പറയുന്നു: പിന്നീടു ഞാൻ അവന്റെ തലവെട്ടി നബി(സ)തിരുമേനിയുടെ സന്നിധിയിൽകൊണ്ടുപോയിട്ടു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇത് ദൈവത്തിന്റെ ശത്രുവായ അബൂജഹ്ലിന്റെ തലയാണ്. നബി(സ)തിരുമേനി അല്ലാഹുവിന് നന്ദി പറഞ്ഞു. എന്നിട്ട് പറഞ്ഞു: അല്ലാഹുല്ലദീ ലാഇലാഹ ഗയ്റുഹൂ അതായത് അല്ലാഹുവിന്റെ പരിപാവന അസ്തിത്വമല്ലാതെ മറ്റൊന്നും ആരാധനയ്ക്കർഹനായിട്ടില്ല. ഇത് ഇബ്നു ഹിശാമിന്റെ നിവേദനമാണ്. (സീറത്ത് ഇബ്നു ഹിശാം, പേജ് 423, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(ശറഹ് സുർഖാനീ വാള്യം 2, പേജ് 297, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഇബ്നു ഹിശാം, മുത്തർറജിം വാള്യം 1, പേജ് 447, അദാരയെ ഇസ്‌ലാമിയാത്ത്)

മറ്റൊരു നിവേദനത്തിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ)അബൂജഹ്ലിനെ വധിച്ചശേഷം നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാകുകയും അബൂ ജഹ്ലിനെ വധിച്ച സംഭവം വിവരിക്കുകയുമാണ് ചെയ്തത്. ശേഷം നബി(സ)തിരുമേനി അദ്ദേഹത്തോടൊപ്പം നടന്ന് വധസ്ഥലിയിലേക്ക് പോയി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണ! അവനല്ലാതെ ഒരു ആരാധ്യനുമില്ല.'ഞാനും ഏറ്റുപറഞ്ഞു അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതുകഴിഞ്ഞ് നബി(സ)തിരുമേനി അബൂജഹ്ലിന്റെ മൃതശരീരത്തിനടുത്ത് നിന്നുകൊണ്ട് പറഞ്ഞു: 'ഹേ! അല്ലാഹുവിന്റെ ശത്രൂ! നിന്നെ ഈ രീതിയിൽ നിന്ദ്യനാക്കിയ അല്ലാഹുവിനാണ് സർവ്വസ്തുതിയും.'(മുസ്നദ് അൽഇമാം അഹ്മദ് ബിൻ ഹമ്പൽ, വാള്യം 2, പേജ് 165, നിവേദനം 4246, ആലമുൽകുതുബ് ബെയ്റുത്ത് 1998) ഹദ്റത്ത് ഖത്താദയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: എല്ലാ സമുദായത്തിനും ഒരു ഫിർഔനുണ്ടാകും. ഈ ഉമ്മത്തിലെ ഫിർഔൻ അബൂജഹ്ലാകുന്നു. അല്ലാഹു അയാളെ ക്രൂരമായി വധിച്ചിരിക്കുന്നു. അഫ്രായുടെ ആൺകുട്ടികളും മലക്കുകളും അയാളെ വധിച്ചിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)അയാളുടെ കഥ കഴിച്ചിരിക്കുന്നു. (സുബുലുൽ ഹുദാ വർറശാദ്. വാള്യം 4, പേജ് 52, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത് 1993) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അബൂജഹ്ലിനെ ഫിർഔൻ എന്നാണ് വിളിച്ചിരിക്കുന്നത്. എന്നാൽ, എന്റെ അഭിപ്രായത്തിൽ അയാൾ ഫിർഔനേക്കാളും മീതെയാണ്. ഫിർഔൻ അവസാനനിമിഷം പറയുകയുണ്ടായി. ആമൻതു അന്നഹൂ ലാ ഇലാഹ ഇല്ലല്ലദീ ആമനത്ത് ബിഹീ ബനൂഇസ്റാഈല(10:91) അതായത് ബനൂഇസ്റാഈൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, ഇയാൾ അന്ത്യംവരെ വിശ്വാസം കൈക്കൊണ്ടില്ല. മക്കയിൽ സകല കുഴപ്പങ്ങളും ഇയാളാണ് നടത്തിയത്. വലിയ അഹങ്കാരിയും തന്നിഷ്ടക്കാരനും മഹത്ത്വവും ആദരവും ആഗ്രഹിക്കുന്നവനുമായിരുന്നു.'(മൽഫൂദാത്ത് വാള്യം 4, പേജ് 247, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ചുരുക്കത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് മൂസായെപോലെ തന്റെ സമുദായത്തിലെ സജ്ജനങ്ങളെ വന്യജന്തുക്കളിൽനിന്നും രക്തദാഹികളിൽനിന്നും മോചിപ്പിച്ചു. ഹദ്റത്ത് മൂസായെപോലെ അവരെ മക്കയിൽനിന്ന് മദീനയിലേക്കാനയിച്ചു. ഈ ഉമ്മത്തിലെ ഫിർഔനായ അബൂജഹ്ലിനെ ബദ്ർയുദ്ധമൈതാനത്തുവെച്ച് നശിപ്പിക്കുകയും ചെയ്തു.'(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാള്യം 15, പേജ് 523)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ബദ്ർയുദ്ധവേളയിൽ മക്കാനിഷേധികൾ വന്നപ്പോൾ കരുതിയത്, ഇനി തങ്ങൾ മുസ്‌ലിമീങ്ങളെ കൊന്നൊടുക്കുമെന്നാണ്. അബൂജഹ്ൽ പറഞ്ഞു: ഞങ്ങൾ പെരുന്നാളാഘോഷിക്കുന്നതായിരിക്കും. മദ്യം കുടിച്ച് ഉന്മത്തരായി നൃത്തം വെക്കുന്നതായിരിക്കും. ഇനി മുസ്‌ലിമീങ്ങളെ കൊന്നിട്ടുമാത്രമേ ഞങ്ങൾ പിന്മാറുകയുള്ളൂവെന്നും അവർ കരുതി. എന്നാൽ, അതേ അബൂജഹ്ലിനെ മദീനയിലെ രണ്ട് കുട്ടികളാണ് വധിച്ചത്. മക്കാനിഷേധികൾ മദീനക്കാരെ വളരെ നിന്ദ്യരായി ഗണിച്ചിരുന്നു. അവരെ ആട്ടിടയന്മാർ എന്ന് വിളിച്ച് പരിഹസിച്ചിരുന്നു. അതായത് വെറും പച്ചക്കറി നടുകയും കൃഷിവേല ചെയ്യുകയും ചെയ്യുന്ന ഇവർക്ക് യുദ്ധത്തെക്കുറിച്ച് എന്തറിയാമെന്ന്! ഏതായാലും ആ കുട്ടികൾ അയാളെ വധിച്ചു. അയാളുടെ അന്ത്യാഭിലാഷംപോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അങ്ങനെ ഹതാശനായി മരിക്കേണ്ടിവന്നു. പ്രമാണിമാർ വധിക്കപ്പെടുമ്പോൾ അവർ പ്രമാണിമാരാണെന്ന് തിരിച്ചറിയപ്പെടാനായി അവരുടെ കഴുത്ത് നീട്ടിമുറിക്കുന്നത് അറബികളുടെ സമ്പ്രദായമായിരുന്നു. അയാൾ ബോധമില്ലാതെ ചലനമറ്റ് പരിക്കേറ്റു കിടക്കുന്നത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് കണ്ടപ്പോൾ ചോദിച്ചു, ഇപ്പോൾ എന്താണ് അവസ്ഥ? അയാൾ പറഞ്ഞു: എനിക്ക് ഒരു വിഷമം മാത്രമേയുള്ളൂ. മദീനയിലെ കൃഷിക്കാരായ രണ്ട് കുട്ടികളാണ് എന്നെ വധിച്ചിരിക്കുന്നത്. അബ്ദുല്ലാഹ് ചോദിച്ചു, നിനക്ക് വല്ല ആഗ്രഹവും ബാക്കിയുണ്ടോ. അയാൾ പറഞ്ഞു: ഇനിയെന്റെ ആഗ്രഹം എന്റെ കഴുത്ത് നീട്ടിമുറിക്കണമെന്നാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു:നിന്റെ ഈ ആഗ്രഹവും പൂർത്തിയാക്കാൻ വിടില്ല. അങ്ങനെ അയാളുടെ തല താടിയെല്ലിനടുത്തുവെച്ച് ശക്തിയായി ഛേദിച്ചു. പെരുന്നാളാഘോഷിക്കാൻ ആഗ്രഹിച്ച അയാൾക്ക് ചാവടിയന്തരം നടത്തേണ്ടിവന്നു. അയാൾ കുടിച്ച മദ്യംപോലും ദഹിക്കാൻ അയാൾക്ക് ഭാഗ്യമുണ്ടായില്ല.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 1, പേജ് 11)

അന്യദൈവാരാധകരിലേക്ക് നബി(സ)തിരുമേനി മണ്ണു വാരിയെറിഞ്ഞത് സംബന്ധിച്ച് വന്നിരിക്കുന്നു. സ്വഹീഹുബുഖാരിയിൽ കൊടുത്തിട്ടുണ്ട്. നബി(സ)തിരുമേനി കൂടാരത്തിൽ ദുആ ചെയ്യുന്ന സമയത്ത് അബൂബക്ർ(റ) അദ്ദേഹത്തിന്റെ കൈപിടിച്ചുകൊണ്ടു പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, ഇനി മതിയാക്കിയാലും. അങ്ങ് അങ്ങയുടെ നാഥനോട് ദുആ ഇരക്കുന്നതിൽ ഒരുപാട് വാശി കാണിച്ചിരിക്കുന്നു. നബി(സ) തിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു.

നബി(സ)തിരുമേനി കൂടാരത്തിൽനിന്നിറങ്ങുമ്പോൾ ഇപ്രകാരം പറയുന്നുണ്ടായിരുന്നു: സ യുഹ്സമുൽ ജംഉ വയുവല്ലൂനദ്ദുബ്റ ബലിസ്സാഅത്തു മൗയിദുഹും വസ്സാഅത്തു അദ്ഹാ വ അമർറു (54:46-47) സൈന്യസമൂഹം താമസിയാതെ പരാജയപ്പെടുത്തപ്പെടും;അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. ഈയൊരു നിമിഷത്തേയാണ് ഭയപ്പെടുത്തിക്കൊണ്ടിരുന്നത്. ഈ നിമിഷം നല്ലവണ്ണം ദുഷ്കരവും അങ്ങേയറ്റം കയ്പേറിയതുമായിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽജിഹാദ് വസ്സയ്ർ, ബാബു മാ ഖീല ഫീ ദർയിന്നബിയ്യി(സ)വൽഖമീസു ഫിൽഹർബി, ഹദീഥ് 2915)

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതുന്നു: 'ചുരുക്കത്തിൽ മുഹാജിറെന്നോ അൻസ്വാറെന്നോ വ്യത്യാസമില്ലാതെ എല്ലാ മുസ്‌ലിമീങ്ങളും സർവ്വശക്തിയോടെ ആത്മാർഥമായി പോരാടി. എന്നാൽ, ശത്രുക്കളുടെ ആധിക്യവും അവരുടെ ആയുധബലവും കൊണ്ട് ഒന്നും ഏശുന്നുണ്ടായിരുന്നില്ല. അന്തിമഫലമെന്താകുമെന്ന കാര്യവും ഒരു സമയംവരെ ആശയകുഴപ്പമുണ്ടാക്കി. നബി(സ)തിരുമേനി നിരന്തരം ദുആയിലും ദീനരോദനത്തിലും വ്യാപൃതനായി. അനുനിമിഷം നബി(സ) തിരുമേനിയുടെ മനോവിഷമം വർധിച്ചുകൊണ്ടേയിരുന്നു. എന്നാൽ, അവസാനം ഒരു നീണ്ട ഇടവേളയ്ക്കുശേഷം നബി(സ) തിരുമേനി സുജൂദിൽനിന്നെഴുന്നേറ്റു. എന്നിട്ട് സ യുഹ്സമുൽ ജംഉ വയുവല്ലൂനദ്ദുബ്റ എന്ന ദൈവിക സുവാർത്ത ചൊല്ലിക്കൊണ്ട് കൂടാരത്തിൽനിന്ന് പുറത്തുവന്നു.'(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ. പേജ് 362-363)

ഇമാം റാസി സൂറ അൻഫാലിലെ വമാ റമയ്ത്ത ഇദ് റമയ്ത്ത വലാ കിന്നല്ലാഹ റമാ(8:12) എന്ന ആയത്തിന്റെ വ്യാഖ്യാനം ഇപ്രകാരം എഴുതുന്നു: ഖുറയ്ശികൾ കടന്നാക്രമണം തുടങ്ങിയപ്പോൾ നബി(സ) തിരുമേനി ദുആ ചെയ്തു. അല്ലാഹുവേ, നിന്റെ ദൂതനെ വ്യാജപ്പെടുത്തുകയും കളവാക്കുകയും ചെയ്യുന്ന നിലയിലാണ് ഈ ഖുറയ്ശി ഗോത്രം തങ്ങളുടെ കുതിരകളും ആർഭാടവസ്തുക്കളുമായി വന്നിരിക്കുന്നത്. അല്ലാഹുവേ! നീ എനിക്ക് വാഗ്ദാനം ചെയ്ത കാര്യത്തെ ഞാൻ നിന്നോടു ആവശ്യപ്പെടുന്നു.

അപ്പോൾ ജിബ്രീൽ അവതരിച്ചുകൊണ്ട് പറഞ്ഞു: ഓ നബിയേ! ഒരു പിടി മണ്ണുവാരി ഈ നിഷേധികൾക്കുനേരെ എറിയുക. പിന്നീട് ഇരുസൈന്യങ്ങളും ഏറ്റുമുട്ടിയപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: താഴ്വാരത്തുള്ള പൊടിക്കല്ലുകളടങ്ങിയ ഒരുപിടി മണ്ണുവാരിക്കൊണ്ടുവരിക. എന്നിട്ട് അത് നബി(സ)തിരുമേനി നിഷേധികളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു. ശാഹത്തിൽ വുജൂഹു അതായത് മുഖം വികൃതമാകട്ടെ എന്ന് പറഞ്ഞു. അന്യാരാധകർ തങ്ങളുടെ കണ്ണുകൾ തിരുമ്മാൻ തുടങ്ങി. അവസാനം അവർ പരാജിതരായി. തുടർന്ന് അല്ലാഹു പറയുന്നു:വമാ റമയ്ത്ത ഇദ് റമയ്ത്ത വലാ കിന്നല്ലാഹ റമാ(8:18)താങ്കൾ വലിച്ചെറിഞ്ഞ ചരലുകളടങ്ങിയ ഒരു പിടി മണ്ണ് യഥാർഥത്തിൽ താങ്കളല്ല എറിഞ്ഞത്. കാരണം ഒരു മനുഷ്യൻ എറിഞ്ഞാലുള്ള അതേ പ്രഭാവം മാത്രമേ നബിതിരുമേനി എറിഞ്ഞാലും ഉണ്ടാകുകയുള്ളൂ. പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത്. അതിന്റെ ഫലമായി ആ മൺതരികൾ അവരുടെ കണ്ണുകളിൽ വീണു. എ

## • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

റിയുന്ന അവസ്ഥ നബി(സ) തിരുമേനിയിൽനിന്നുമാണ് ഉണ്ടായതെങ്കിൽ അതിന്റെ പ്രഭാവം അല്ലാഹുവിൽനിന്നാണുണ്ടായത്.(തഫ്സീറുൽകബീർ, ഇമാം റാസി, വാള്യം 8, ഭാഗം 15, പേജ് 112, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2004)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് യുദ്ധമൈതാനത്തെ കുറിച്ച് ഇപ്രകാരം എഴുതുന്നു: കൂടാരത്തിൽനിന്ന് പുറത്തിറങ്ങിയ നബി(സ)തിരുമേനി നാലുപാടും കണ്ണോടിച്ചപ്പോൾ കൊല്ലും കൊലയും തകൃതിയായി നടക്കുന്നതാണ് കണ്ടത്. ആ നേരത്ത് അവിടന്ന് ഒരുപിടി മണൽവാരി അവിശ്വാസികളുടെ ഭാഗത്തേക്ക് എറിഞ്ഞു. എന്നിട്ട് ആവേശത്തോടെ പറഞ്ഞു: ശാഹത്തിൽ വുജൂഹു ശത്രുക്കളുടെ മുഖം വികൃതമാകട്ടെ. അതോടൊപ്പം നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോട് ഉറക്കെ വിളിച്ചുപറഞ്ഞു, മിന്നൽ ആക്രമണം നടത്തുവിൻ! മുസ്‌ലിമീങ്ങളുടെ കാതുകളിൽ തങ്ങളുടെ പ്രിയപ്പെട്ട യജമാനന്റെ ശബ്ദം പതിച്ചതും അവർ തക്ബീർധ്വനി മുഴക്കി കടന്നാക്രമണം നടത്തി. മറുവശത്ത് നബി(സ)തിരുമേനി ഒരുപിടി മണൽവാരി എറിഞ്ഞതും ഒരു കൊടുങ്കാറ്റുവീശിയതും അവിശ്വാസികളുടെ കണ്ണുകളും മൂക്കുകളും മണലും ചരലുംകൊണ്ട് നിറയ്ക്കുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: നമ്മെ സഹായിക്കാനെത്തിയ ദൈവത്തിന്റെ മലക്കുകളുടെ സൈന്യമാണിത്. ആ സമയത്ത് ചിലർക്ക് ആ മലക്കുകൾ ദൃശ്യമായെന്നും നിവേദനങ്ങളിലുണ്ട്. ഏതായാലും ഉത്ബ, ശെയ്ബ, അബൂജഹ്ൽ തുടങ്ങി ഖുറയ്ശി മൂപ്പന്മാർ മണ്ണിലടിഞ്ഞിരുന്നു. മുസ്‌ലിമീങ്ങളുടെ മിന്നലാക്രമണവും കൊടുങ്കാറ്റിന്റെ ശക്തമായ ആക്രമണവുംകൊണ്ട് ഖുറയ്ശികളുടെ കാലുകളിടറി. താമസിയാതെ അവിശ്വാസികളുടെ സൈന്യം പിന്തിരിഞ്ഞോടി തുടങ്ങി. അല്പസമയത്തിനകം മൈതാനം കാലിയായി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ)സാഹിബ് എം.എ. പേജ് 363)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ലിഖാ അഥവാ ദൈവവുമായുള്ള കൂടിക്കാഴ്ചയുടെ പദവിയിൽ ഒരു മനുഷ്യനിൽനിന്ന് മാനുഷികശക്തിക്കതീതമായ കാര്യങ്ങൾ സംഭവിക്കുന്നു. അതായത് ദൈവികശക്തിയുടെ നിറം ഉൾവലിക്കുന്നതായിരിക്കും. ഏതുപോലെ നമ്മുടെ യജമാനപ്രഭുവായ സയ്യിദുർറസൂൽ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)ബദ്ർയുദ്ധവേളയിൽ ഒരുപിടി മണൽവാരി അവിശ്വാസികൾക്കുനേരെ എറിഞ്ഞപ്പോൾ, ആ ചുരുട്ടിപ്പിടിച്ച കൈ ഏതെങ്കിലും ദുആ മുഖേന അല്ല പ്രത്യുത സ്വയം തന്റെ ആത്മീയശക്തിയാൽ എറിയപ്പെട്ടപ്പോൾ അതിന്റെ ദിവ്യശക്തി പ്രകടിപ്പിക്കുകയായിരുന്നു. എതിർ സൈന്യത്തിൽ അത് എത്രമാത്രം അസാധാരണ പ്രഭാവം ചെലുത്തിയെന്നാൽ അവരിൽ ഒരാളുടെ കണ്ണിൽപോലും അതിന്റെ പ്രഭാവം എത്താതെ വന്നില്ല. അവരെല്ലാവരും അന്ധരെപോലെയായി. അവരിൽ മന്ദിപ്പും അസ്വസ്ഥതയുമുണ്ടായി. ഭ്രാന്തരെപോലെ അവർ ഓടാൻതുടങ്ങി. ഈ ദിവ്യദൃഷ്ടാന്തത്തെക്കുറിച്ചാണ് പ്രസ്തുത ആയത്തിൽ അല്ലാഹു സൂചിപ്പിച്ചിട്ടുള്ളത്. അതായത് നീ ഒരുപിടി മണ്ണെറിഞ്ഞപ്പോൾ അത് നീയല്ല എറിഞ്ഞത് മറിച്ച് അല്ലാഹുവാണ് എറിഞ്ഞതെന്ന്! അതായത് മറയ്ക്കുപിന്നിൽ ദൈവിക ശക്തിയാണ് പ്രവർത്തിച്ചത്. അത് മനുഷ്യശക്തിയുടെ പ്രവൃത്തിയായിരുന്നില്ല.'(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 65)

ഏതായാലും അല്പ സമയത്തിനകം അന്യാരാധകരിൽ പരാജയത്തിന്റെയും അസ്വസ്ഥതയുടെയും ലക്ഷണങ്ങൾ തെളിഞ്ഞുതുടങ്ങി. മുസ്‌ലിമീങ്ങളുടെ ശക്തമായ ആക്രമണത്താൽ അവരുടെ അണികൾ ഛിന്നഭിന്നമായി. അവർ നാലുപാടും ഓടി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്ന് പിടികൂടി. അവർക്ക് ദയനീയ പരാജയം ഏറ്റുവാങ്ങേണ്ടിവന്നു.

ഹദ്റത്ത് സഅ്ദ്(റ)ശത്രുക്കളോടു കാണിച്ച തീവ്രരോഷത്തെക്കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു: അവസാനം ശത്രുക്കൾ പരാജിതരായി ആയുധംവെച്ച് കീഴടങ്ങി. സ്വഹാബാക്കൾ അവരെ തടവിലാക്കാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിന്റെ മുഖത്ത് വെളിപ്പെട്ട അപ്രിയമായദൃശ്യം കണ്ട് അസന്തുഷ്ടനായി. അതായത് സഅ്ദ് മുസ്‌ലിമീങ്ങളുടെ ഈ പ്രവൃത്തിയെ അനിഷ്ടകരമായ നിലയിൽ നോക്കുകയായിരുന്നു. നബി(സ)തിരുമേനി സഅ്ദിനോട് പറഞ്ഞു: എനിക്ക് തോന്നുന്നത് നമ്മുടെ ആളുകളുടെ ഈ പ്രവൃത്തി അതായത് അന്യാരാധകരെ തടവിലാക്കുന്നത് താങ്കൾക്കിഷ്ടപ്പെടുന്നില്ലെന്നാണ്. അദ്ദേഹം പറഞ്ഞു: തീർച്ചയായും. അല്ലാഹുവിന്റെ ദൂതരേ, അന്യാരാധകരുമായി ഇത് നമ്മുടെ ആദ്യത്തേതും വിജയകരവുമായ യുദ്ധമാണ്. അതിനാൽ എന്റെ അഭിപ്രായത്തിൽ അന്യാരാധകരെ ജീവനോടെ പിടിക്കുന്നതിനെക്കാൾ വധിക്കുന്നതാണ് നല്ലത്. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 230, ദാറുൽകുതുബുൽ ഇൽമിയ്യ 2002) ഞാൻ ഇവരെ തടവിലാക്കുന്നതിനെ ഇഷ്ടപ്പെടുന്നില്ല. മറിച്ച് ഇവരെയെല്ലാം കൊന്നൊടുക്കാനാണ് ആഗ്രഹിക്കുന്നത്.

ബദ്ർ യുദ്ധത്തിൽ മലക്കുകൾ ഇറങ്ങിയതിനെ സംബന്ധിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ഇദ് തസ്തഗീഥൂന റബ്ബക്കും ഫസ്തജാബലക്കും അന്നീ മുമിദ്ദുക്കും ബിഅൽഫിൻമ്മിനൽ മലാഇക്കത്തി മുർദിഫീന(8:10)നിങ്ങളുടെ നാഥനോട് നിങ്ങൾ സഹായം തേടിക്കൊണ്ടിരുന്ന സന്ദർഭം(സ്മരിക്കുക). അപ്പോൾ അവൻ നിങ്ങൾക്കുത്തരം നല്കി. തീർച്ചയായും തുടരെത്തുടരെ വരുന്ന മലക്കുകളെക്കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്.

ബദ്ർ യുദ്ധത്തിൽ മലക്കുകൾ അവതരിച്ചതിനെ നബി(സ)തിരുമേനിയും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. നബി(സ)തിരുമേനി ബദ്ർ ദിവസം പറഞ്ഞു: 'ഇത് ജിബ്‌രീലാണ്. അദ്ദേഹം തന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നു. യുദ്ധോപകരണങ്ങളാൽ വിഭൂഷിതനുമാണദ്ദേഹം.' ബദ്ർ ദിനത്തിൽ മലക്കുകൾ ഇറങ്ങിയതിന് തെളിവായി സീറത്ത് ഇബ്നു ഹിശാമിൽ പല സ്വഹാബികളുടെയും നിവേദനങ്ങൾ വന്നിട്ടുണ്ട്.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ)വാള്യം 6, പേജ് 214, ബസം ഇഖ്ബാൽ ലാഹോർ, ഏപ്രിൽ 2022)

സ്വഹാബാക്കളുടെ ഒരുപാട് നിവേദനങ്ങൾ ഇതേക്കുറിച്ചുണ്ട്. ഹദ്റത്ത് രിഫാഅ്(റ) പറയുന്നു:ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുക്കൽ ഹദ്റത്ത് ജിബ്‌രീൽ(അ)വന്നു. ബദ് രീങ്ങൾക്ക് എന്തു സ്ഥാനമാണ് അങ്ങ് നല്കുന്നതെന്ന് ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളിൽ ഏറ്റവും ഉൽക്ക്യഷ്ടരായ മുസ്‌ലിമീങ്ങൾ. അല്ലെങ്കിൽ അങ്ങനെയെന്തോ പറഞ്ഞു. ജിബ്‌രീൽ(അ)പറഞ്ഞു: 'ബദ്റിൽ പങ്കെടുത്ത മലക്കുകളും ഉൽകൃഷ്ടരാണ്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ശുഹൂദുൽമലാഇക്കത്തുബദ്ർ ഹദീഥ് 3992)

ഒരു ജീവചരിത്രകാരൻ ഈ നിവേദനവും എഴുതിയിരിക്കുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം. ഗഫ്ഫാറുഗോത്രക്കാരനായ ഒരു വ്യക്തി എന്നോടു പറഞ്ഞു: ഞാനും എന്റെ ഒരു പിതൃവ്യപുത്രനും ഇരുവരും വന്നു. ഒരു മലമുകളിൽ കയറി അവിടെനിന്ന് ബദ്റിന്റെ ദൃശ്യം കാണുന്നുണ്ടായിരുന്നു. ഞങ്ങൾ വിഗ്രഹാരാധകരായിരുന്നു. യുദ്ധത്തിൽ ആരുടെമേലാണ് വിപത്തുണ്ടാകുന്നതെന്ന് ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. അങ്ങനെ യുദ്ധമുതൽ സ്വരുക്കൂട്ടുന്നവരോടൊപ്പം അത് കൊള്ളയടിക്കാൻ ഞങ്ങളും കാത്തിരുന്നു. ഞങ്ങൾ മലമുകളിലുള്ളനേരത്തുതന്നെ ഒരു മേഘകഷണം ഞങ്ങളുടെ അടുത്തുവന്ന് പതിച്ചു. അതിൽനിന്ന് കുതിരകളുടെ ചിലയ്ക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. ഒരാൾ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: ഹയ്സൂം! മുന്നോട്ടുകുതിക്കുവിൻ. ആ ശബ്ദം കേട്ട് എന്റെ പിതൃവ്യപുത്രൻ ഹൃദയത്തിന്റെ പ്രതലംപൊട്ടി അവിടെ മരിച്ചുവീണു. ബാക്കിയായ ഞാനും ഏതാണ്ട് മരണമുഖത്തായിരുന്നു. എന്നാൽ, എനിക്ക് ആത്മനിയന്ത്രണം സാധ്യമായി.(സീറത്ത് ഇബ്നുഹിശാം, പേജ് 431, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ആ സമയത്ത് നിഷേധിയായിരുന്ന സുഹയ്ൽ ബിൻ അംറ് പറയുന്നു: ഞാൻ യുദ്ധദിവസം കറുപ്പും വെളുപ്പും പുള്ളികളുള്ള കുതിരകളിൽ വെളുത്തനിറമുള്ളവരെ കണ്ടു. അവർ ആകാശഭൂമികൾക്ക് മധ്യേയായിരുന്നു.അവർ ഖുറയ്ശികളെ കൊന്നൊടുക്കുകയായിരുന്നു. പലരേയും ബന്ദികളാക്കുന്നുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ബദ്റിൽ മലക്കുകളെ കണ്ടത് മുസ്‌ലിമീങ്ങൾ മാത്രമല്ല പ്രത്യുത നിഷേധികളും കണ്ടിരുന്നു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 215, ബസംഇഖ്ബാൽ ലാഹോർ ഏപ്രിൽ 2022)

അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത വ്യക്തിയായിരുന്നു. അദ്ദേഹത്തിൽനിന്ന് നിവേദനം. ഈ സംഭവം അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെടുത്തി. ഈ സംഭവം വിവരിക്കപ്പെട്ടപ്പോൾ അദ്ദേഹം പറയുകയുണ്ടായി. ഇന്ന് ഞാൻ ബദ്റിലായിരുന്നെങ്കിൽ എനിക്ക് കാഴ്ചയുണ്ടായിരുന്നെങ്കിൽ (ഇത് പറയുന്ന സമയത്ത് അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. എന്നാൽ, ആ സംഭവത്തെക്കുറിച്ച് പറയുന്നത് അന്നെനിക്ക് കാഴ്ചയുണ്ടായിരുന്നുവെന്നാണ്. താനത് ബദ്റിൽ സ്വയം കണ്ടെന്നാണ്.) ഞാൻ നിങ്ങൾക്ക് മലക്കുകൾ ഇറങ്ങിയ താഴ്‌വര കാണിച്ചുതരുമായിരുന്നു. അക്കാര്യത്തിൽ എനിക്ക് അല്പംപോലും സംശയമോ സന്ദേഹമോ ഇല്ല. അദ്ദേഹം ബദ്ർ യുദ്ധത്തിൽ സന്നിഹിതനായിരുന്നു.

അബൂദാവൂദ് മാസിനിയിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ബദ്ർ ദിവസം ഒരു അന്യാരാധകന്റെമേൽ ആക്രമണം നടത്തുന്നതിന് അയാളെ പിന്തുർന്നു. പെട്ടെന്ന് ഞാൻ കണ്ടത് എന്റെ വാൾ അയാളെ തൊടുംമുമ്പേ അയാളുടെ തല പൊട്ടിവീണതാണ്. ഞാനല്ല വേറൊരാളാണ് അയാളെ വധിച്ചതെന്ന് എനിക്കു മനസ്സിലായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസിൽ(റ)നിന്ന് നിവേദനം. ബദ്ർ ദിവസം മലക്കുകളുടെ അടയാളം വെള്ളത്തലപ്പാവായിരുന്നു. അതിന്റെ വാലറ്റം അവർ പിൻഭാഗത്തേക്ക് നീട്ടിയിട്ടിരുന്നു. ഹുനയ്ൻ ദിവസം അവരുടെ അടയാളം ചെമന്ന തലപ്പാവായിരുന്നു. ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു. തലപ്പാവ് അറബികളുടെ കിരീടമാണ്. ബദ്ർ നാളിൽ മലക്കുകളുടെ അടയാളം വെള്ളത്തലപ്പാവായിരുന്നു. അത് അവർ പിൻഭാഗത്തേക്ക് നീട്ടിയിട്ടിരുന്നു. ജിബ്‌രീലിന്റേത് മഞ്ഞത്തലപ്പാവായിരുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. മലക്കുകൾ ബദ്ർ യുദ്ധത്തിലല്ലാതെ മറ്റൊരു യുദ്ധത്തിലും ആരേയും വധിച്ചിട്ടില്ല. അവർ മറ്റു യുദ്ധങ്ങളിൽ എണ്ണവും സഹായവും വർധിപ്പിക്കുന്നതിനു വേണ്ടി പങ്കെടുത്തതായിരുന്നു. ആരേയും വധിച്ചിരുന്നില്ല.(സീറത്ത് ഇബ്നുഹിശാം, പേജ് 431- 432, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001). ഇത് സീറത്ത് ഇബ്നുഹിശാമിലെ നിവേദനമാണ്.

ചിലയാളുകൾ ധരിച്ചിട്ടുള്ളത് മലക്കുകളിറങ്ങുന്നത് കേവലം മുഅ്മിനീങ്ങൾക്ക് സുവാർത്ത എന്ന നിലയിലും അവരുടെ മനസ്സമാധാനത്തിനും വേണ്ടിയാണെന്നാണ്. അല്ലാതെ മലക്കുകൾ യുദ്ധത്തിൽ കർമപരമായി പങ്കെടുത്തിട്ടില്ല. ഈ ധാരണയും ചില സ്വഹീഹായ ഹദീഥുകൾക്ക് വിരുദ്ധമാണ്. സ്വഹീഹായ നിവേദനത്തിൽനിന്ന് സ്ഥാപിതമാകുന്നത് മലക്കുകൾ യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തിട്ടുണ്ടെന്നാണ്. ഇവിടെ സംശയമുണ്ടാകുന്നത് സഹായിക്കാൻ ഒരേയൊരു മലക്ക് മതിയായതായിരുന്നു, അപ്പോൾ ആയിരക്കണക്കിന് മലക്കുകൾ എന്തിനിറങ്ങി എന്നതാണ്.

ഇമാം ഇബ്നുകഥീർ സ്വഹീഹയ്നിൽ യുദ്ധകാലത്ത് മലക്കുകളിറങ്ങിയ ഹദീഥുകൾ എടുത്തെഴിതിയതിനു ശേഷം എഴുതുന്നു:അല്ലാഹുവിൽനിന്നുള്ള മലക്കുകളുടെ ഇറക്കവും മുസ്‌ലിമീങ്ങൾക്ക് അതിനെ കുറിച്ചുള്ള അറിയിപ്പും സുവിശേഷമെന്ന നിലയിലായിരുന്നു. ഇല്ലെങ്കിൽ അല്ലാഹുവിന് അതൊന്നും കൂടാതെയും തന്റെ ശത്രുക്കൾക്കെതിരിൽ മുസ്‌ലിമീങ്ങളെ സഹായിക്കാമായിരുന്നു. അതുകൊണ്ടാണ് താൻ ഇച്ഛിക്കുകയാണെങ്കിൽ നേരിട്ടുതന്നെ ആ അവിശ്വാസികളോടു പകരം വീട്ടുമായിരുന്നുവെന്ന് അല്ലാഹു പറഞ്ഞത്. പക്ഷേ, അവൻ പരീക്ഷിക്കുന്നു.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 6, പേജ് 218- 219, ബസംഇഖ്ബാൽ ലാഹോർ ഏപ്രിൽ 2022)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ബദ്ർ യുദ്ധത്തിൽ അല്ലാഹു തന്റെ മുഖം കാർമേഘങ്ങളിൽനിന്ന് പ്രകടമാക്കി. അതായത് യുദ്ധം തുടങ്ങുംമുമ്പേ മഴവർഷിച്ചു. അതു നിമിത്തം അവിശ്വാസികൾക്ക് കനത്ത നഷ്ടവും മുസ്‌ലിമീങ്ങൾക്ക് വലിയ പ്രയോജനവുമുണ്ടായി. പോരാഞ്ഞതിന് വിശ്വാസികളെ സഹായിക്കാനും അവിശ്വാസികളെ ഭയപ്പെടുത്താനും മനസ്സുകളിൽ മലക്കുകളേയും ഇറക്കി. മാത്രമല്ല പല അവിശ്വാസികളും ബദ്ർ യുദ്ധത്തിൽ മലക്കുകളെ സ്വനേത്രങ്ങളാൽ കണ്ടു.

ഖുലിയൽഅംറു എന്നതനുസരിച്ച് അറേബ്യയിലെ സർദാർമാർ ഓരോരുത്തരായി വധിക്കപ്പെട്ടു. (തഫ്സീറെ കബീർ, വാള്യം 2, പേജ് 458)

ഇപ്രകാരംതന്നെ തഫ്സീറെ സ്വഗീറിൽ ആലു ഇംറാൻ എന്ന അധ്യായത്തിന്റെ 127-ാം ആയത്തിനെഴുതിയ നോട്ടിൽ പറയുന്നു: അതിൽ പറഞ്ഞിരിക്കുന്നത് മലക്കുകളെക്കുറിച്ച് പറഞ്ഞത്, സ്വപ്നങ്ങളിലോ കശ്ഫുകളിലോ സുവാർത്ത ലഭിക്കുമ്പോൾ മനുഷ്യന് ധൈര്യം കൂടുന്നുവെന്നാണ്. ഇല്ലെങ്കിൽ യഥാർഥ ഉദ്ദേശ്യം അല്ലാഹു സഹായിക്കുമെന്നതുതന്നെയാണ്. (തഫ്സീറെ സ്വഗീർ പേജ് 96, സൂറ ആലുഇംറാൻ, ആയത്ത് 127)

എന്തായാലും ഇതൊരു ജാഗ്രദർശനമായിരുന്നു. അതൊരു യഥാർഥ അവസ്ഥയിലായിരുന്നു. സ്വന്തമാളുകളും അന്യരും അതുകണ്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതുസംബന്ധമായി പറയുന്നു: ഈ വിവരണം അത്തബ്ലീഗ് എന്ന ഗ്രന്ഥം ആഇനയെ കമാലാത്തെ ഇസ്ലാമിൽനിന്നുള്ളതാണ്. അവിടെ അറബിയിലാണ് പരാമർശിച്ചിട്ടുള്ളത്. അങ്ങ് ദീർഘമായ ഉദ്ധരണിവായിക്കുന്നതുകൊണ്ട് തങ്ങൾക്ക് തർജമ ചെയ്യാൻ പ്രയാസമുണ്ടെന്ന് അറബികൾ ചിലപ്പോൾ പറയാറുണ്ട്. അതുകൊണ്ട് അറബി വായിക്കാനും ഞാൻ ശ്രമിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'അല്ലാഹുവിന്റെ ചിരപുരാതനമായ ശീലവും സമ്പ്രദായവുമെന്നത് അവന്റെ യുക്തി ഗോപ്യമാക്കി വെക്കണമെന്ന് നിശ്ചയിക്കുന്ന സംഭവങ്ങളെ അവൻ ഗോപ്യവും നിഗൂഢവുമാക്കി വെക്കുന്നു. ജനങ്ങളുടെ ആഗ്രഹങ്ങളും അഭിപ്രായങ്ങളും യഥാർഥത്തിൽ വസ്തുതകൾക്ക് വിപരീതമായിരിക്കും. ചിലപ്പോൾ ഒരു വൻസംഭവത്തെ ചെറുതും സാധാരണവുമായ സംഭവമായി കാണിക്കുന്നു. ചെറു സംഭവത്തെ വലുതും അസാധാരണവുമായി വിവരിക്കുന്നു. സുവാർത്ത അറിയിക്കുന്ന സംഭവത്തെ താക്കീതുപരവും സുവാർത്തപരവുമായി കാണിക്കുന്നു. അല്ലാഹുവിന്റെ നടപടി ക്രമമനുസരിച്ച് കാലങ്ങളായി തുടർന്നുവരുന്ന ഇത്തരം നാലുവിധം സംഭവങ്ങളാണുള്ളത്. അല്ലാഹു ചെറുതും നിസ്സാരവുമായി കാണിക്കണമെന്നാഗ്രഹിച്ച മഹത്തരമായ വൻ സംഭവമാണ് ബദ്ർ യുദ്ധം. അതിനാൽ ഇഷ്ടമുള്ളവർക്ക് പര്യാലോചനനടത്തുകയും കണ്ണുതുറന്നു നോക്കുകയുമാകാം. ചുരുക്കത്തിൽ അല്ലാഹു ബദ്ർ വേളയിൽ നബി(സ)തിരുമേനിയുടെ സ്വപ്നത്തിൽ ഇസ്ലാമിന്റെ ശത്രുക്കളെ കുറച്ചു കാണിച്ചു. അതുമുഖേന മുസ്ലിമീങ്ങളുടെ മനസ്സുകളിൽ നിന്നും അവരെ കുറിച്ചുള്ള ഭയമില്ലാതാക്കാൻ കഴിഞ്ഞു. അങ്ങനെ അല്ലാഹു താനുദ്ദേശിക്കുന്നത് പൂർത്തിയാക്കി. അതുപോലെ അല്ലാഹു വലുതും അസാധരാണവുമാക്കിക്കാണിക്കാൻ ഉദ്ദേശിച്ച സംഭവത്തിനുദാഹരണം ഖുർആനിൽ വന്നിട്ടുള്ളത് മലക്കുകളുടെ സഹായത്തിന്റെ സുവാർത്തയാണ്;അങ്ങനെ വിശ്വാസികളുടെ മനസ്സുകൾക്ക് കുളിർമലഭിക്കാൻ. യുദ്ധവേളയിൽ അവരെ ഒട്ടും ഭയം തീണ്ടാതിരിക്കാൻ. അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വാസികളോടു ഇപ്രകാരം വാഗ്ദാനം ചെയ്യുകയും അവർക്ക് സുവാർത്ത അറിയിക്കുകയും ചെയ്തിരിക്കുന്നു. അതായത് 5000 മലക്കുകളെക്കൊണ്ട് അവരെ സഹായിക്കുന്നതാണ്. അവർക്ക് ഈ എണ്ണം വർധിപ്പിച്ചുകൊടുത്ത് അവർ സന്തോഷിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. കാരണം ഒരൊറ്റ മലക്കിനുതന്നെ തന്റെ നാഥന്റെ കൽപനയാൽ ഭൂമിയെ കീഴ്മേൽ മറിക്കാനുള്ള ശക്തിയുണ്ട്. അതിന് 5000 പോയിട്ട് അഞ്ചെണ്ണത്തിന്റെ ആവശ്യംപോലുമില്ല. എന്നാൽ, അല്ലാഹു ഉദ്ദേശിച്ചത് അവർക്കു ലഭിക്കാൻ പോകുന്ന മഹത്തായ സഹായത്തെ കുറിക്കുന്നതിന് സഹായികളായി വരുന്നവരുടെ ആധിക്യം പ്രകടിപ്പിക്കുംവിധമുള്ള വചനങ്ങൾ ഉപയോഗിക്കാനാണ്. ശേഷം അല്ലാഹു ബദ്ർയുദ്ധ വിജയം കഴിഞ്ഞ് വിശ്വാസികളെ ഇപ്രകാരം അറിയിച്ചു. മലക്കുകളുടെ എണ്ണം ബാഹ്യമായ പദങ്ങളുടെ അടിസ്ഥാനത്തിലായിരുന്നില്ല. അത് മഹത്ത്വാവാനായ അല്ലാഹു ഉദ്ദേശിച്ച കാര്യത്തിന്റെ വ്യാഖ്യാനമെന്നോണമായിരുന്നു. ആ സുവാർത്ത മുഖേന അവരുടെ മനസ്സുകൾക്ക് ശാന്തിയും സദ്ഭാവനയും ശുഭപ്രതീക്ഷയും വർധിക്കാനായിരുന്നു അല്ലാഹു അങ്ങനെ ചെയ്തത്.'

(അത്തബ്ലീഗ്, റൂഹാനീ ഖസാഇൻ, വാള്യം 5, പേജ് 447-448)

അന്യാരാധകരുടെ പരാജയത്തെ കുറിച്ചെഴുതിയിരിക്കുന്നു:അല്പം കഴിഞ്ഞപ്പോൾ അന്യാരാധകരുടെ സൈന്യത്തിൽ പരാജയ ഭീതിയും അസ്വസ്ഥതയും പടർന്നു. തുറന്ന നിലയിലുള്ള യുദ്ധം തുടങ്ങിയതും അത്തരം ലക്ഷണങ്ങൾ പ്രകടമായി. അവരുടെ അണികൾ മുസ്ലിമീങ്ങളുടെ അതിശക്തമായ ആക്രമണങ്ങളാൽ ഛിന്നഭിന്നമായി. യുദ്ധം അതിന്റെ പര്യവസാനത്തോടടുത്തു. മുമ്പേ പറഞ്ഞതുപോലെ അന്യാരാധകരുടെ സംഘം ക്രമം തെറ്റി പിറകോട്ടടിച്ചു. അവർ വെപ്രാളപ്പെട്ടോടി. മുസ്ലിമീങ്ങളെ അവർ കൊന്നും വെട്ടിനുറുക്കിയും പിടികൂടിയും ബന്ദികളാക്കിയും വിടാതെ പിന്തുടർന്നു. ഏതുവരെയെന്നാൽ അവർക്ക് പൂർണമായ പരാജയം നേരിട്ടു.(അർറഹീഖുൽ മഖ്ത്തൂം, മുത്തർറജിം പേജ് 299, അൽമക്തബത്തുസ്സലഫിയ, ലാഹോർ 2000)

മറ്റൊരിടത്ത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഈ യുദ്ധം അന്യാരാധകരുടെ അടിമുടി പരാജയത്തിലും മുസ്ലിമീങ്ങളുടെ പ്രകടമായ വിജയത്തിലും കലാശിച്ചു. അതിൽ ആകെ ശഹീദായത് 14 മുസ്ലിമീങ്ങളാണ്. ആറ് മുഹാജിറുകളും എട്ട് അൻസ്വാറും. എന്നാൽ അന്യാരാധകർക്ക് വമ്പിച്ച നഷ്ടമാണുണ്ടായത്. അവരുടെ എഴുപതാളുകൾ വധിക്കപ്പെട്ടു. എഴുപതാളുകൾ ബന്ദികളായി. അവരിൽ പൊതുവെ സേനാനായകരും നേതാക്കന്മാരും കാര്യസ്ഥന്മാരുമായിരുന്നു.(അർറഹീഖുൽ മഖ്ത്തൂം, മുത്തർറജിം പേജ് 306, അൽമക്തബത്തുസ്സലഫിയ, ലാഹോർ 2000)

ബദ്ർയുദ്ധത്തിൽ ശഹീദായവർ ഇവരാണ്:

പറഞ്ഞതുപോലെ മൊത്തം 14 പേരാണ് ശഹീദായത്. ഇവരിൽ ആറുപേർ മുഹാജിറുകളും എട്ടുപേർ അൻസ്വാറുമായിരുന്നു. മുഹാജിർ ഇവരായിരുന്നു, ഉബയ്ദ ബിൻ ഹാരിഥ് ബിൻ മുത്ത്വലിബ്, ഉമയ്ർ ബിൻ അബീ വഖാസ്വ്, ദുശ്ശിമാലയ്ൻ അതായത് ഉമയ്ർ ബിൻ അബ്ദ് അംറ്, ആഖിൽ ബിൻ ബുകയ്ർ, മിഹ്ജഅ് മൗലാ ഉമർ ബിൻ ഖത്ത്വാബ്, സ്വഫ്വാൻ ബിൻ ബയ്ളാഅ്.

അൻസ്വാറിൽപ്പെട്ടവർ സഅ്ദ് ബിൻ ഖയ്ഥമ, മുബശ്ശിർ ബിൻ അബ്ദുൽ മുൻദിർ, യസീദ് ബിൻ ഹാരിഥ്, ഉമയ്ർ ബിൻ ഹുമാം, റാഫിഅ് ബിൻ മുഅല്ലാ, ബാരിഥ ബിൻ സുറാഖ.

അന്യാരാധകരിൽ വധിക്കപ്പെട്ടവർ 70 പേരായിരുന്നു. അധികവും ഖുറയ്ശിലെ നേതാക്കന്മാരായിരുന്നു. സുപ്രധാനരായ ചിലരുടെ പേരുകൾ ഇവയാണ്. ഹൻള്വല ബിൻ അബൂസുഫ്യാൻ, ഹാരിഥ് ബിൻ ഹള്റമി, ആമിർ ബിൻ ഹള്റമി, ഉബയ്ദ ബിൻ സയീദ് ബിൻ ആസ്വ്, ആസ്വ് ബിൻ സയീദ് ബിൻ ആസ്വ്, ഉഖ്ബ ബിൻ അബീ മുഅയ്ത്ത്, ഉത്ബ ബിൻ റബീഅ, ശെയ്ബ ബിൻ റബീഅ, വലീദ് ബിൻ ഉത്ബ ബിൻ റബീഅ, ഹാരിഥ് ബിൻ ആമിർ, അബുൽബഖ്ത്തരി ആസ്വിം ബിൻ ഹിശാം, നള്ർ ബിൻ ഹാരിഥ്, ആസ്വിം ബിൻ ഹിശാം, ആസ്വിം ബിൻ ഹിശാമിന്റെ പേര് രണ്ടുവട്ടം വന്നിട്ടുണ്ട്. അല്ലെങ്കിൽ രണ്ടുപേരാണ്. അബുൽ ആസ്വിം ബിൻ ഖയ്സ്, ഉമയ്യ ബിൻ ഖലഫ്, അബൂജഹ്ൽ ഇയാളുടെ പേര് അംറ് ബിൻ ഹിശാം എന്നായിരുന്നു. ഇവരിൽ അധികപേരും മക്കയിൽ മുസ്ലിമീങ്ങളേയും നബി(സ)തിരുമേനിയേയും ബുദ്ധിമുട്ടിച്ചവരായിരുന്നു.(സീറത്ത് ഇബ്നു ഹിശാം, പേജ് 476-480, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001).(കിതാബുൽമഗാസി ലിൽവാഖിദി, വാള്യം 1, പേജ് 145, ആലമുൽകുതുബ് ബെയ്റുത്ത് 1984) ബാക്കി ഇൻശാഅല്ലാഹു പിന്നീട് വിവരിക്കുന്നതായിരിക്കും.

ചില ദുആകൾക്കുവേണ്ടിയും ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ഫലസ്ത്വീനിലെ മുസ് ലിമീങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് എളുപ്പം സൃഷ്ടിക്കുമാറാകട്ടെ. അടിച്ചമർത്തപ്പെട്ട ജനങ്ങൾക്ക് സമാശ്വാസം നല്കുമാറാകട്ടെ.. അവരോടുള്ള കടമകൾ നിറവേറ്റുകയും അവർക്ക് ശരിയായ മാർഗദർശനം നല്കുകയും അവരെ അതിക്രമങ്ങളിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുന്ന നേതൃത്വം അല്ലെങ്കിൽ നേതാക്കളെ അവൻ അവർക്ക് നല്കുമാറാകട്ടെ. അവർ അത്യധികം അതിക്രമങ്ങൾ നേരിടുന്ന അവസ്ഥാവിശേഷമാണുള്ളത്. ഇപ്പോൾ അവരെ ശ്രദ്ധിക്കാൻ ആരുമില്ലാത്ത അവസ്ഥയാണ്. അവർക്ക് മാർഗദർശനം നല്കാനും ആരുമില്ലാതായിരിക്കുന്നു. മുസ്ലിമീങ്ങൾ ഒത്തൊരുമിച്ചാൽ ഈ കഷ്ടതകളിൽനിന്ന് അവർ മോചിതരാകുന്നതാണ്.

അതുപോലെ സ്വീഡനിലും മറ്റു രാജ്യങ്ങളിലും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും പേരിൽ അസാന്മാർഗികളായവർക്ക് എന്തിനുമുള്ള പൂർണ സ്വാതന്ത്ര്യം ലഭിച്ചിരിക്കുകയാണ്. അതിന്റെ മറവിൽ, മുസ്ലിമീങ്ങളുടെ വികാരങ്ങളെവച്ച് കളിക്കുന്നു. ഇടക്കിടയ്ക്ക് മുസ്ലിമീങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതും അങ്ങേയറ്റം വെറുപ്പുളവാക്കുന്നതുമായ കാര്യങ്ങളാണ് അവർ കാട്ടിക്കൂട്ടുന്നത്. വിശുദ്ധ ഖുർആനിനെ അവഹേളിക്കുകയും മുഹമ്മദ് നബി (സ)യെക്കുറിച്ച് അനുചിതമായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. അല്ലാഹുതന്നെ അവർക്ക് തക്കതായ ശിക്ഷ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കുമാറാകട്ടെ. ഇതും മുസ്ലിം ഭരണകൂടങ്ങളുടെ വീഴ്ച്ച കാരണമാണ്. അവരുടെ പരസ്പരമുള്ള ഭിന്നിപ്പു കാരണമായാണ് ഇസ്ലാംവിരുദ്ധ ശക്തികൾ ഇത്തരം തെറ്റായപ്രവൃത്തികൾ ചെയ്യുന്നത്. മുസ്ലിമീങ്ങളുടെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രതികരണമുണ്ടായാൽ തന്നെ അത് താൽക്കാലികമായിരിക്കും. അതിന് വലിയ സ്വാധീനവും ചെലുത്താനാകുകയില്ല. അതുകൊണ്ടുതന്നെ മുസ്ലിം നേതാക്കൾക്കും ഉമ്മത്തിനുംവേണ്ടി ഒരുപാട് പ്രാർഥിക്കേണ്ടതുണ്ട്. അത് വളരെ അത്യാവശ്യമാണ്.

ഫ്രാൻസിലുള്ള അവസ്ഥ നോക്കിയാൽ അവിടെയും മുസ്ലിമീങ്ങൾ ടാർഗറ്റ് ചെയ്യപ്പെടുന്നു. അവരുടെ പ്രതികരണവും ശരിയല്ല. മറ്റുള്ളവരോടൊപ്പം ചേർന്നിട്ടു ചെയ്യുന്നതും ശരിയല്ല. വസ്തുവകകൾ തകർക്കുന്നതിലൂടെ ഒന്നും നേടാനാകില്ല. മുസ്ലിമീങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങൾ ഇസ്ലാമികാധ്യാപനങ്ങൾക്ക് അനുസൃതമാക്കണം. മുസ്ലിമീങ്ങളുടെ വാക്കുകളും പ്രവൃത്തികളും ഇസ്ലാമിക അധ്യാപനങ്ങളുമായി പൊരുത്തപ്പെടുമ്പോൾ മാത്രമേ വിജയമുണ്ടാകുകയുള്ളൂ.

എന്തായാലും, നമുക്കു ദുആ ചെയ്യാനെ പറ്റുകയു

## • കലാമുൽ ഇമാം: •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

## • അല്ലാഹുവിന്റെ കലാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 10 August 2023 Issue-32

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ളു. പ്രത്യേകിച്ച് മുസ്‌ലിമീങ്ങൾക്കും പൊതുവിൽ ലോകത്തിനുംവേണ്ടി പ്രാർഥിക്കുക. സർവ്വശക്തനായ അല്ലാഹു എല്ലാ ജനങ്ങളെയും അതിക്രമങ്ങളിൽനിന്ന് സംരക്ഷിക്കുമാറാകട്ടെ. ലോകത്ത് ശാന്തിയുടെയും സമാധാനത്തിന്റെയും അവസ്ഥ ഉണ്ടാക്കുമാറാകട്ടെ. പരസ്പരം ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കുമാറാകട്ടെ. അല്ലെങ്കിൽ, ഞാൻ പലവട്ടം പറഞ്ഞതുപോലെ ലോകം ഇപ്പോൾ നീങ്ങുന്നത് ഒരു മഹാനാശത്തിലേക്കാണ്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

അതുപോലെ പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ഒരുപാട് ദുആ ചെയ്യുക. അല്ലാഹു അവരെയും എല്ലാവിധത്തിലുമുള്ള ഉപദ്രവങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഫ്രാൻസിൽ പറയാനാണെങ്കിൽ ഒരുപാട് പ്രതിഷേധ പരിപാടികൾ നടക്കുന്നുണ്ട്. വധിക്കപ്പെട്ട ആൺകുട്ടിയെ പിന്തുണയ്ക്കാൻ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് അവകാശപ്പെടുന്നു. എന്നിരുന്നാലും അവിടെയുള്ള പൊതുജനങ്ങളുടെ പ്രതികരണത്തെ കുറിച്ച് കേൾക്കുന്നത് മറ്റൊന്നാണ്. പിടികൂടപ്പെട്ട പോലീസ് ഉദ്യോഗസ്ഥനും കൊല്ലപ്പെട്ട കുട്ടിക്കും രണ്ടുപേർക്കും വേണ്ടി ഫണ്ട് സ്വരൂപിക്കപ്പെടുന്നുണ്ട്. പ്രസ്തുത കുട്ടിക്കു വേണ്ടി സമാഹരിച്ച ഫണ്ട് വെറും രണ്ടുലക്ഷം യൂറോ ആണ്. എന്നാൽ, തങ്ങൾ പ്രതിഷേധിക്കുന്നതായി അവകാശപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥനുവേണ്ടി, അയാളെ പിന്തുണച്ച് അയാളെ സഹായിക്കാൻ ഭരണകൂടവും ആവശ്യപ്പെടുന്നുണ്ട്, ഒരു ദശലക്ഷത്തിലധികം യൂറോയാണ് സമാഹരിച്ചിരിക്കുന്നത്.

അല്ലാഹുവിന്റെ കാരുണ്യം തന്നെ ഉണ്ടാകട്ടെ. ഇക്കൂട്ടർക്ക് നീതി നടപ്പാക്കാനും മുസ്‌ലിമീങ്ങൾക്ക് ഒരുമിക്കാനും സൗഭാഗ്യം നല്കുമാറാകട്ടെ.(തർജമ: അംനാസ് കടലായി)

---

## ഇഅ്‌ലാൻ:

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഉ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## വിവാഹാവസരത്തിലെ ഡാൻസും പാട്ടും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്)പറയുന്നു: വിവാഹത്തിൽ എത്രവേണമെങ്കിലും ദഫ് മുട്ടിക്കൊള്ളുക. ഇതിന് വിരോധമില്ല. പാട്ടും പാടുക.......പക്ഷേ, അത്തരം അവസരത്തിൽ അനുവദനീയമല്ലാത്ത ആചാരങ്ങൾ ചെയ്യരുത്.......കാരണം അത് സമൂഹത്തെ സമ്മർദ്ദത്തിലാക്കുകയും മുസീബത്തുകളിൽ അകപ്പെടുത്തുകയും ചെയ്യും.(മജ്‌ലിസെ ഇർഫാൻ ലജ്ന ഇമാഉല്ലാഹ് കറാച്ചി പേജ് 134)

ഹദ്റത്ത് ലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറയുന്നു:ഈയിടെയായി ഡെക്കും ഇതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു. കല്യാണത്തിന്റേയും വിവാഹത്തിന്റേയും പാട്ടുകൾ തുടങ്ങിയവയ്ക്കായി ഒരു സൗണ്ട് സിസ്റ്റവും ഉപയോഗിക്കാതിരിക്കേണ്ടതാണ്. വീട്ടിനു വെളിയിൽ ശബ്ദം പുറത്തുവരാതിരിക്കേണ്ടതാണ്.(കത്ത് 2010 ജനുവരി 22)(ശുഅ്ബയെ രശ്ത നാതാ, നളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## എന്താണ് നമസ്ക്കാരം?

**ഹദ്റത്ത് മസീഹ് മൗ ഊദ് (അ)**

എന്താണ് നമസ്കാരം? തന്റെ നിസ്സഹായതകളെയും ദൗർബല്യങ്ങളെയും അല്ലാഹുവിനു മുൻപിൽ സമർപ്പിക്കലാണത്. നമസ്കാരം ഓരോ മുസ്ലിമിനും നിർബന്ധമാണ്. ഒരു സമൂഹം നബി (സ) തിരുമേനിയുടെ അടുക്കൽ വന്ന് ഇസ്ലാം സ്വീകരിച്ചതായി ഹദീസിൽ വന്നിരിക്കുന്നു. 'അല്ലാഹു വിന്റെ ദൂതരേ, ഞങ്ങൾ കച്ചവടക്കാരായ ആളുകളാണ്. കന്നുകാലികളും മറ്റും കാരണം ഞങ്ങളുടെ വസ്ത്രങ്ങൾ വൃത്തിയുള്ള താണോ എന്ന കാര്യം സംശയകരമാണ്. ഞങ്ങൾക്ക് സമയവും കിട്ടാറില്ല. അതുകൊണ്ട് ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കി തന്നാലും' എന്നവർ നബി തിരുമേനിയോട് അപേക്ഷിച്ചു. അവിടുന്ന് ഇതിനു മറുപടി നല്കിയത് ഇങ്ങനെയാണ്: 'നോക്കൂ, നമസ്ക്കാരമില്ലെങ്കിൽ പിന്നെന്താണ് ബാക്കി യുള്ളത്? നമസ്ക്കാരമില്ലാത്ത മതം, മതമാകുന്നില്ല. നമസ്ക്കാരം എന്നാൽ എന്താണ്? തങ്ങളുടെ നിസ്സഹായതകളെയും ദൗർബല്യങ്ങളെയും ദൈവ സമക്ഷം സമർപ്പിക്കലും അവൻ തന്നെ തന്റെ ആവശ്യങ്ങൾ നിവർത്തി ക്കണമെന്ന് ആഗ്രഹിക്കലുമാണത്; ചിലപ്പോൾ അവന്റെ മഹത്ത്വത്തിനും കല്പന നിർവഹണത്തിനും വേണ്ടി നിരന്നു നില്ക്കുക; ചിലപ്പോൾ അങ്ങേയറ്റം വിനയത്തോടും താഴ്മയോടും അവന്റെ മുൻപിൽ സാഷ്ടാംഗം വീഴുക; അവനോട് തന്നെ ആവശ്യങ്ങൾ തേടുക - ഇതു തന്നെയാണ് സമസ്ക്കാരം. നീ ഇന്നയിന്ന ഗുണങ്ങളുള്ളവനാണെന്ന്ഒരു യാചകനെപ്പോലെ ചിലപ്പോൾ പ്രകീർത്തിക്കുക; അവന്റെ മഹത്ത്വത്തെയും പ്രതാപത്തെയും പ്രകടിപ്പിച്ചു കൊണ്ട് അവന്റെ കാരുണ്യത്തെ ആകർഷിക്കുമാറ് അവനോട് തേടുക - ഇതില്ലാത്ത മതം, മതമാകുമോ?' അവനോട് അവന്റെ തൃപ്തിയുടെ മാർഗങ്ങൾ തേടിക്കൊണ്ടിരിക്കാനും അവന്റെ അനുഗ്രഹങ്ങളെ അവനിൽ നിന്നു തന്നെ ആഗ്രഹിക്കാനും മനുഷ്യൻ സദാ വിധേയനാണ്. എന്തെന്നാൽ അവനിൽ നിന്നു ലഭിച്ച സൗഭാഗ്യം കൊണ്ടേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. ദൈവമേ, ഞങ്ങൾ നിന്റേതായി തീരുന്നതിനും നിന്റെ തൃപ്തിയിൽ ചരിച്ചു കൊണ്ട് നിന്നെ സംതൃപ്തനാക്കാനുമുള്ള സൗഭാഗ്യം ഞങ്ങൾക്കേ കേണമേ! ദൈവസ്നേഹം, ദൈവഭയം, ദൈവ സ്മരണ ഇവ മനസ്സിൽ നിലനില്ക്കുന്നതിന്റെ പേരാണ് നമസ്ക്കാരം. ഇതു തന്നെയാണ് ദീനും.

(മൽഫൂസാത്ത് വാള്യം 3. പേ.188)

തർജമ: ആരിഫ് മുഹമ്മദ്, കോഴിക്കോട്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin